


# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## **2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം**-676505**

ഇ-മെയിൽ**: dompm.ksad@kerala.gov.in**
ഫോൺ **: 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAMPM/22/2266/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 20/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM/22/2266/2024 തീയ്യതി: 20/11/2024

# മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2024 | 21-10-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-10-2024 | 21-10-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സക്കീർ ഹുസൈൻ. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അമീൻ ഫൈസൽ. ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശംസിയ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷീബ. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉമ്മുകുൽസു ചക്കച്ചൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ശ്രീകുമാർ. പി | സെക്രട്ടറി | 01-04-2023 | 31-12-2023 |
| ശ്രീ. അനീസ് ബാബു. എ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബബിത | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ജിതേഷ് | അസി.എഞ്ചിനീയർ | 01-04-2023 | 03-08-2023 |
| ഒഴിവ് | അസി.എഞ്ചിനീയർ | 04-08-2023 | 06-08-2023 |
| ശ്രീ. അനിൽ കുമാർ | അസി.എഞ്ചിനീയർ | 07-08-2023 | 31-03-2024 |
| ശ്രി. അഭിലാഷ് | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ. രാജു | വി.ഇ.ഒ | 01-04-2023 | 15-02-2024 |
| ശ്രീ. അഭിലാഷ് | വി.ഇ.ഒ | 16-02-2024 | 31-03-2024 |
| ഡോ. ദിലീപ് | മെഡിക്കൽ ഓഫീസർ (എഫ്, എച്ച്,സി) | 01-04-2023 | 31-03-2024 |
| ശ്രീമതി. സൈനബ | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ഡോ.നസ്റിൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ശ്രീമതി. സബീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.രാജീവ്. പി | അസി. സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ. സനീഷ്. കെ.എസ് | അസി. സെക്രട്ടറി(ഇൻ ചാർജ്) | 05-07-2023 | 07-08-2023 |
| ശ്രീ. അനീസ് ബാബ. എ.പി | അസി. സെക്രട്ടറി | 08-08-2023 | 31-03-2024 |
| ശ്രീ. സൈഫുദ്ധീൻ. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. റുമൈന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-4 |
| 6 | ബാധ്യതക്ക് ആനുപാതികമായി നീക്കിയിരുപ്പില്ല | 1-1-5 |
| 7 | Specific Purpose ഗ്രാന്റുകളുടെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. | 1-1-6 |
| 8 | ചെലവഴിച്ച Specific Purpose ബാധ്യത ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല | 1-1-7 |
| 9 | മൻക്കൂർ ക്രമീകരിച്ചിട്ടില്ല | 1-1-8 |
| 10 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ഗുണഭോക്തൃ വിഹിതം- വിവരങ്ങൾ ലഭ്യമല്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ധനകാര്യ വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പെൻഷൻ | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം | 1-11 |
| 22 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തുനികുതി നിർണയിച്ചതിൽ അപാകത | 1-12 |
| 23 | തൊഴിൽ നികുതി -ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-13 |
| 24 | ലൈസൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല | 1-14 |
| 25 | പെയ്മെന്റ് വൗച്ചറുകൾ സെക്രട്ടറി യഥാസമയം അംഗീകരിക്കുന്നില്ല. | 1-15 |
| 26 | പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-16 |
| 27 | അംഗൻവാടി പുനരുദ്ധാരണം - പ്രവൃത്തി ഭാഗികമായി ചെയ്തു. | 1-17 |
| 28 | അസി. എൻജിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-18 |
| 29 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സോളാർ പാനൽ | 1-19 |
| 30 | മാലിന്യം നിക്ഷേപിച്ചതിന് ചുമത്തിയ പിഴ ഭരണ സമിതി ഒഴിവാക്കി നൽകി | 1-20 |

| | | |
|---|---|---|
| 31 | സകർമ മിനുട്സ് - സൂക്ഷമതയില്ലാത്ത രേഖപ്പെടുത്തലുകൾ | 1-21 |
| 32 | പാലൂർക്കോട്ട കുളം ലീസ് - കരാർ പൂർണമല്ല | 1-22 |
| 33 | ദുരിതാശ്വാസ നിധി - ഫലപ്രദമല്ല. | 1-23 |
| 34 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി | 1-24 |
| 35 | തെരുവ് വിളക്കുകളുടെ പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. | 1-25 |
| 36 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല. | 1-26 |
| 37 | ഓണം അഡ്വാൻസ് തുക ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു | 1-27 |
| 38 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത. | 1-28 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-29 |
| 40 | ഹരിത കർമസേനയ്ക്ക് വാഹനം വാങ്ങൽ - അപാകതകൾ | 1-30 |
| 41 | മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ ഫണ്ട് മുഴുവൻ ചെലവാക്കിയില്ല | 1-31 |
| 42 | വാഹനങ്ങളുടെ വിവരങ്ങൾ- വീൽസിൽ അപ്ഡേറ്റ് ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 43 | മിനി എം സി എഫ് സ്ഥാപിക്കൽ- അധിക നിരക്ക് നൽകി. | 1-33 |
| 44 | തുക അടവാക്കി - ലാപ്ടോപ്പ് ലഭ്യമാക്കിയില്ല | 1-34 |
| 45 | തുടർ സാക്ഷരത-തുല്യതാ ഫീസ് അടവാക്കൽരേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-35 |
| 46 | തുക അടവാക്കി - കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല. | 1-36 |
| 47 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-37 |
| 48 | ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-38 |
| 49 | സ്കൂളുകൾക്ക് മഴവെള്ള സംഭരണി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-39 |
| 50 | സ്കൂളുകൾക്ക് മിനി എം സി എഫ് സ്ഥാപിക്കൽ- മൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-40 |
| 51 | സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ- അപാകതകൾ | 1-41 |
| 52 | സ്ഥിരമായി സെക്രട്ടറിയില്ല. ജനങ്ങൾക്ക് സേവനം നൽകാനാവുന്നില്ല. | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മിനി എം സി എഫ് സ്ഥാപിക്കൽ- അധിക നിരക്ക് നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1. പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 09. 07. 2024 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി 20/11/2024

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (3122819/-) ഇതേ പത്രികയിലെ "Net Cash Generated By Operating + Investing + Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (72017872/-) തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

**1-1-3 ആസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തി രജിസ്റ്റർ മൂല്യം ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ (B-11 Schedule) ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ വർഷാവസാനം 31.03.2024 തീയ്യതിയിൽ മാത്രമാണ് (J Vr No.42301356) വരവിനങ്ങൾക്ക് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

**1-1-5 ബാധ്യതക്ക് ആനുപാതികമായി നീക്കിയിരുപ്പില്ല**

Specific Purposes ഫണ്ട് ഇനത്തിൽ ബാധ്യതയായി ബുക്ക് ചെയ്ത തുകകൾക്ക് ആനുപാതികമായി നീക്കിയിരുപ്പില്ല. (ഉദാഹരണം SSA, ജലനിധി മുതലായ Specific Purpose ഗ്രാന്റുകൾ).

**1-1-6 Specific Purpose ഗ്രാന്റുകളുടെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.**

പ്രത്യേകം ബാങ്ക് അക്കൗണ്ട് ഇല്ലാത്തതും, തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നതുമായ Specific Purpose ഗ്രാന്റുകൾക്ക് പ്രത്യേകം ഗ്രാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റിൽ ബാധ്യതയായി ബാലൻസ് ഷീറ്റിൽ ബുക്ക് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല (ഉദാ : ICDS Center Share)

**1-1-7 ചെലവഴിച്ച Specific Purpose ബാധ്യത ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല**

ചെലവഴിച്ച Specific Purpose (ബ്ലോക്ക് (Rs.593054/-), ജില്ലാ പഞ്ചായത്ത് (623910/-) വിഹിതം) ബാധ്യത ഹെഡിൽ നിന്നും ക്രമീകരിച്ചിട്ടില്ല

**1-1-8 മുൻകൂർ ക്രമീകരിച്ചിട്ടില്ല**

വാർഷിക കണക്ക് പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിച്ച 25,000/- രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 5000/- മാത്രമാണ് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നത്.

**1-1-9 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ ലോൺ ഇനത്തിൽ ബാധ്യതയായി ബുക്ക് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-10 ഗുണഭോക്തൃ വിഹിതം- വിവരങ്ങൾ ലഭ്യമല്ല.**

ഗ്രണഭോക്തൃ വിഹിതം ഇനത്തിൽ ബാധ്യതയായി 4446151/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2 ബജറ്റ്.

| 2023-24 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 2023-24 ലെ പുതുക്കിയ ബജറ്റ് തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1 (1) , 25-03-2023 | 2(1) , 08-02-2024 |

## 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 44992221 |
| വരവ് | 162326043 |
| ആകെ | 207318264 |
| ചെലവ് | 159203224 |
| നീക്കിയിരിപ്പ് | 48115040 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം) .

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16817717 | 16817717 | 16784171 | 33546 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4491746 | 4491746 | 4284297 | 207449 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12750150 | 12750150 | 10092660 | 2657490 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4972600 | 4972600 | 4316803 | 655797 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 2273500 | 2273500 | 2814293 | -540793 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – Untied | 0 | 3032000 | 3032000 | 3177758 | -145758 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 251 | 210894286 | 182 | 82804410 | 0 | 69 | 72.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1064781 | 657125 | 1721906 | 979007 | 742899 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14057814 | 14057814 | 14057814 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3056400 | 215 |
| വിധവാപെൻഷൻ | 13043000 | 1146 |
| വാർദ്ധക്യകാലപെൻഷൻ | 20061400 | 1698 |
| വികലാംഗപെൻഷൻ | 5285100 | 373 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 905600 | 809 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2024 ന് 12.18 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50332/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2.തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല.
3.തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് കൃത്യമായ സംവിധാനമില്ല. തെരുവ് വിളക്കുകളുടെ ലൊക്കേഷൻ, എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. ലീസ് കരാർ വ്യക്തമായ വിധത്തിൽ ഗ്രാമ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.
5. ആക്ട് പ്രകാരം ചുമത്തിയ പിഴ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം ഒഴിവാക്കി നൽകുന്നത് ഉചിതമല്ല.
6. ഗ്രാമ പഞ്ചായത്തിന്റെ പഴയ വാഹനം സർക്കാർ നിർദേശ പ്രകാരം പൊളിച്ച് വിറ്റഴിക്കാൻ സാധിച്ചിട്ടില്ല.
7. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കുന്ന മെറ്റീരിയൽ വർക്കുകളിൽ സിമന്റിന് അധിക നിരക്ക് നൽകുന്നു.
8. താത്കാലിക എ.സി.എഫിൽ ജീവനക്കാരുടെയും , പരിസര വാസികളുടെയും ശുചിത്വം ഉറപ്പ് വരുത്തുന്ന സാഹചര്യം ഒരുക്കേണ്ടത് അനിവാര്യമാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 28-11-2009 To 11.12.2009 | 2008 TO 2009 | 11-01-2010 |
| പെർഫോമൻസ് ഓഡിറ്റ് | 22-11-2022 | 01-03-2022 To 31-05-2022 | 23-11--2022 |

## 1-11 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ "- അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ

കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധിച്ച് പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 29758 |
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ഗ്രാമപഞ്ചായത്തിൽ ആൾ താമസമുള്ള വീടുകളുടെ എണ്ണം | 7702 |
| ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 945 |
| വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 19 |
| | |

2)മാലിന്യശേഖരണ കാര്യക്ഷമത-

ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ പാതിരാമണ്ണയിൽ വാടകകെട്ടിടത്തിലാണ് എം സി എഫ് സ്ഥിതി ചെയ്യുന്നത്. 20 മിനി എം സി എഫുകൾ ഓഡിറ്റ് വർഷത്തിൽ നിർമിച്ചിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.അതു പ്രകാരമാണ് മാലിന്യശേഖരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാലിന്യത്തിന്റെ വിവരം | ശേഖരിക്കുന്ന മാസങ്ങൾ |
|---|---|
| ഇ വേസ്റ്റ് | ജനുവരി,ജൂലൈ |
| തുണി മാലിന്യങ്ങൾ | ഫെബ്രുവരി, |
| ആപത്കരമായ ഇ. മാലിന്യങ്ങൾ | മാർച്ച് ,ഒക്ടോബർ |
| ചെരിപ്പ് ,ബാഗ് ,തെർമോക്കോൾ,തുകൽ ,കാർപ്പറ്റ്, അപ് ഹോസ്റ്ററി വേസ്റ്റ്സ് | ഏപ്രിൽ, നവംബർ |
| കുപ്പി, ചില്ല് മാലിന്യങ്ങൾ | മെയ്,ഡിസംബർ |
| വാഹന ടയറുകൾ | ജൂൺ , |
| ഫ്ലക്സ് , പ്രിന്റിംഗ് ഷീറ്റ്,സ്റ്റാപ്പ് ഇനങ്ങൾ | ആഗസ്റ്റ്, |
| മരുന്ന് സ്ലിപ്പുകൾ | സെപ്റ്റംബർ, |
| പേപ്പർ പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കവറുകൾ | എല്ലാ മാസങ്ങളിലും |

പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും ഹരിത കർമ്മസേനയു കീഴിൽ കൊണ്ടു വരുന്നതിന് സാധിച്ചിട്ടുണ്ട്.

ഓരോ മാസവും രണ്ടു ഷെഡ്യൂളുകളായിട്ടാണ് വാർഡുകളിൽ നിന്നും കളക്ഷൻ നടത്തുന്നത് ആദ്യത്തെ ഷെഡ്യൂളിൽ ഒന്നാം തീയതി മുതൽ 15-ാം തീയതി വരെയുള്ള ദിവസങ്ങളിൽ 8 വാർഡുകളിലെയും 16 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ 9 വാർഡുകളിലും കളക്ഷൻ നടത്തുന്നുണ്ട് . വാർഡിൽ ഇറങ്ങുന്ന വിവരങ്ങൾ വാർഡ് മെമ്പർമാർ മുഖേന വാട്സാപ് വഴി അറിയിക്കുന്നു വിപുലമായ സൗകര്യങ്ങളുള്ള എം സി എഫ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. മാലിന്യം എം സി എഫിൽ എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം വാങ്ങിയിട്ടുണ്ട് (Kl53v1645). നോഡൽ ഓഫീസറുടെ നിർദേശാനുസരണം ശേഖരിക്കുന്ന മാലിന്യങ്ങൾ എംസി. എഫിലേക്ക് എത്തിക്കുന്നു.

3)മാലിന്യ വേർതിരിവ് പാലിക്കൽ

**17** വാർഡുകളിലായി 19 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചുവരുന്നത് .എല്ലാ മാസവും വീടുകളിൽ നിന്നും കടകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് എം സിഎഫിൽ എത്തിയ്ക്കുകയും അവിടെ നിന്ന് തരം തിരിച്ച് റിജക്ടഡ് വേസ്റ്റ് എക്കോ ഗ്രീൻ കോട്ടയ്ക്കലിന് നൽകി വരുന്നു.

4)റീസൈക്ലിംഗ്

തരം തിരിച്ച മാലിന്യങ്ങൾ (റിജക്ടഡ് മാലിന്യം) പഞ്ചായത്തുമായി 8/2022ന് കരാറിലേർപ്പെട്ട എക്കോ ഗ്രീൻ കോട്ടയ്ക്കൽ എന്ന സ്ഥാപനത്തിന് കൈമാറുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിയ്ക്കുന്നതിനായി എം.സിഎ് ഓഫീസിന്റെ അകത്തു തന്നെ സ്വാപ് ഷോപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

**5.**കമ്മ്യൂണിറ്റി എൻഗേജ്മെന്റ്.

മാലിന്യസംസ്കരണ ബോധവത്ക്കരണരീതികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി വിവിധ ക്യാമ്പയിനുകളും പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ

മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി 5.6.23 തീയതിയിൽ ഹരിത സഭ ചേർന്നു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് 14.2. 24 ന് പഞ്ചായത്ത് മീറ്റിം ഗ് ഹാളിൽ വച്ച് ശിൽപശാല നടത്തി

എം.സി.എഫിന്റെ സുരക്ഷാ സംവിധാനം വിലയിരുത്താൻ പെരിന്തൽമണ്ണ ഫയർ യൂണിറ്റിന്റെ നേതൃത്വത്തിൽ 14.3.24 തീയതിയിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ ഫയർ ഓഡിറ്റ് നടത്തി

സ്വച്ഛദാ ഹി സേവാ പരിപാടിയുടെ ഭാഗമായി ഒക്ടോബർ ഒന്ന്, രണ്ട് തീയതികളിലായി എല്ലാ വാർഡുകളിലും വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ഗ്രാമപഞ്ചായത്തിലെ 25 അംഗൻവാടികളിലും പ്രവേശനദിനത്തോടനുബന്ധിച്ച് മാലിന്യ സംസ്കരണ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിച്ചു.

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തും GHSSകടുങ്ങപുരം NSS യൂണിറ്റും ചേർന്ന് പരിതകർമസേനയുടെ സമൂഹത്തിലെ പ്രാധാന്യവും അവരുടെ സേവനത്തിന്റെ മൂല്ല്യവും കുട്ടികളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ 9.12.23ന് 'MCFനെ തൊട്ടറിയാൻ കടുങ്ങപുരം NSSയൂണിറ്റ്' എന്ന പേരിൽ തരം തിരിയ്ക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. 2023-24 ൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് 2859 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്.

വർഷത്തിൽ ശരാശരി 2363825 രൂപ യൂസർഫീ ഇനത്തിലും 454662 രൂപ സ്റ്റാപ്പ് വിൽപനയിലും കളക്ട് ചെയ്യുന്നുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി മറ്റു നടപടികളൊന്നും ഉണ്ടായിട്ടില്ല.

7)അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. നിലവുള്ള MCF2000 ച.അടി വിസ്തീർണമുള്ള വാടകകെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. ടോയ്ലറ്റ്, വെളളം വൈദ്യുതി, ഓഫീസ് , മീറ്റിംഗ് ഏരിയ, ഫസ്റ്റ് എയ്ഡ് ബോക്സ്, അഗ്നി സുരക്ഷാ ഉപകരണങ്ങൾ, വെയിങ്ങ് മെഷീൻ തുടങ്ങിയ സജ്ജീകരണങ്ങളും എം.സിഎഫിൽ ഒരുക്കിയിട്ടുണ്ട്. എം.സി.എഫിന് വിശ്രമമുറി ഒരുക്കിയിട്ടില്ല. ബെയ് ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും നിലവിലില്ല.

8)പാരിസ്ഥിതിക ആഘാതം

തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ജില്ലാ എൻഫോഴ്സ്മെന്റ് സ്കാഡും ഗ്രാമ പഞ്ചായത്ത് വിജിലൻസ് സ്കാഡും രൂപീകരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മാലിന്യം തളളുന്നതും പ്ളാസ്റ്റിക്ക് കത്തിയ്ക്കൽ നിരോധിത പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ തടയൽ എന്നിവയിലൂടെയും 2023 സെപ്റ്റംബർ മുതൽ 2024 മാർച്ച് വരെ 18കേസുകൾ ഫയൽ ചെയ്തിട്ടുളളതും ആയതിന്റെ ഭാഗമായി 60500രൂപ പിഴ ഇനത്തിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുമുണ്ട്.

9)പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കു നൽകിയ പരിശീലനങ്ങളുടെ വിവരമാണ് താഴെ കൊടുക്കുന്നത്.

1.സെഗ്രിഗേഷൻ സംബന്ധിച്ച് അംഗങ്ങളുടെ നേതൃത്വത്തിൽ 13.2.24ന് എംസിഎഫിൽ വെച്ച്

ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകി.

2.ഫയർ എക്സ്റ്റിറ്റിന്കിഷർ പ്രവർത്തിപ്പിയ്ക്കുന്നതു സംബന്ധിച്ചും ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു.

3) ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5.2.24മുതൽ 7.2.24വരെ മങ്കട ബ്ളോക്ക് പഞ്ചായത്തിൽ വെച്ച് ഹരിതകർമ്മസേന അംഗങ്ങൾക്ക് ടൈനിംഗ് നടത്തി. ഹരിതകർമ്മസേന അംഗങ്ങൾ ബ്ളോക്ക് പഞ്ചായത്ത് നേതൃത്വത്തിൽ താമരശ്ശേരി എം.സിഎഫ് സന്ദർശിച്ചു.

10) നിയമങ്ങൾ പാലിക്കൽ

31.5.21ലെ 8(1) നം തീരുമാന പ്രകാരം പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം, നിയമ ലംഘനം, പിഴ എന്നിവയെ കുറിച്ചുള്ള നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്.

11)ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനയുടെ ഓരോ മാസത്തെയും പ്രവർത്തനങ്ങളും പ്രശ്നങ്ങളും വിലയിരുത്തുന്നതിനായി എല്ലാ മാസവും മാസാവലോകനയോഗങ്ങൾ നടത്താറുണ്ട്. ആഴ്ചയിൽ മൂന്നോ നാലോ തവണകളിൽ ഹെൽത്ത് ഇൻസ്പെക്ടർ എംസിഎഫ് സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും എം സി ഫിൽ സൂക്ഷിച്ചിട്ടുള്ള വിസിറ്റേഴ്സ് ഡയറിയിൽ നിർദേശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യവരുന്നു.മാസാവലോകനയോഗങ്ങൾക്ക് പുറമെ അടിയന്തിര ഘട്ടങ്ങളിലും HKS മീറ്റിങ്ങുകൾ സംഘടിപ്പിക്കാറുണ്ട്. ഗ്രാമപഞ്ചായത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF) നിലവിലില്ല.

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF സ്ഥിരം/താത്കാലികം | MCF -താത്കാലികം 1എണ്ണം |
| 2)ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഇല്ല. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | - |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | - |
| 5) അടിസ്ഥാന സൗകര്യങ്ങൾ സ്റ്റോറേജ് എരിയ സോർട്ടിങ് ഏരിയ | ഉണ്ട് |
| 6) റോഡ് ഗതാഗത സൗകര്യം ഉണ്ടോ | ഇല്ല |
| 7)അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല |

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

എല്ലാ വാർഡുകളിലും മുൻകൂട്ടി അറിയിപ്പു നൽകിയശേഷം വീടുകളിൽ നിന്നും കടകളിൽ നിന്നും എല്ലാ മാസവും മാലിന്യം ശേഖരിയ്ക്കുന്നു.കൃത്യമായി MCF ൽ നിന്ന് കൈമാറ്റം ചെയ്യാറുണ്ട്. രണ്ടാഴ്ച കൂടുമ്പാൾ സെഗ്രിഗേറ്റ് ചെയ്ത മാലിന്യം ഇക്കോ ഗ്രീൻ കമ്പനിക്ക് കൈമാറുന്നു. മാലിന്യ നീക്കത്തിന്റെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കുന്നു

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1)MCF ന്റെ ആകെ സംഭരണ ശേഷി | 40 ടൺ |
| 2)ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിൻറെ അളവ് ജൈവം/അജൈവം | 2 ടൺ |

| | |
|---|---|
| 3) ആകെ വിസ്തീMCF | 2000 ച.അടി |
| ( ടാപ്പിംഗ് ഏരിയ 100 ച.അടി , സ്റ്റോറേജ് ഏരിയ 2000ച.അടി , സോർടിംഗ് ഏരിയ 250ച.അടി, മെഷിനറി ഏരിയ 200ച.അടി, കലക്ഷൻ ഏരിയ 550ച.അടി) | |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

MCF/RRF സുരക്ഷാ ക്രമീകരണങ്ങൾ

വാർഡുകളിൽ നിന്നും മാസം തോറും ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വിൽക്കുകയും റിജക്ടഡ് വേസ്റ്റ് ഗ്രീൻ വേംസിന് കൈമാറുകയും ചെയ്യുന്നു. MCF ൽ തീപിടുത്ത സാഹചര്യം ഒഴിവാക്കുന്നതിനായി ഫയർ എക്സ്റ്റിറ്റിന്കിഷർ സ്ഥാാപിച്ചിട്ടുണ്ട്. ഹരിതകർമസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

5)ശുചിത്വമാനദണ്ഡങ്ങൾ

വാർഡുകളിൽ നിന്നും കൊണ്ടുവരുന്ന മാലിന്യം തരം തിരിച്ചതിനു ശേഷം MCF ൽ ക്ളീൻ ചെയ്യുന്നുണ്ട്. എന്നാൽ 19.10.24ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ MCFഉം പരിസരപ്രദേശവും മാലിന്യം കൂന്നു കൂടി ദുർഗന്ധം വമിച്ച് വളരെ വൃത്തി ഹീനമായി കാണപ്പെട്ടു.

6)യഥാസമയം മാലിന്യം കൈമാറുന്നതു സംബന്ധിച്ച്

എക്കോ ഗ്രീൻ കോട്ടയ്ക്കൽ എന്ന സ്ഥാപനത്തിനാണ് റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ കൊടുത്തിട്ടുള്ളത്. സ്ഥാപനം ടി സാധനങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നുണ്ട്.

2023-24 വർഷത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമനം. | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | നം. 277/24 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ നല്കൽ | Cfc | 320448 | 186928 |
| 2 | നം. 272/24 ഹരിതകർമസേനയ്ക്ക് വാഹനം വാങ്ങൽ | Cfc+തനത് ഫണ്ട് | 1500000 | 793566 |
| 3 | നം. 208/24എം സി.എഫിന് വാടക നൽകൽ | Cfc | 192000 | 144000 |
| 4 | നം. 272/24 ഹരിത സഹായ പ്രവർത്തനങ്ങൾ | Cfc | 2000000 | 1621552 |

ശുപാർശകൾ

1)MCF കെട്ടിടം സാധ്യമാക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള വാടക കെട്ടിടത്തിൽ മതിയായ സെഗ്രിഗേഷൻ സംവിധാനമില്ല. മാത്രവുമല്ല ഷ്രെഡ്ഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ ഇല്ലാത്തതിനാൽ കളക്ട് ചെയ്ത് കൊണ്ട് വരുന്ന മാലിന്യം സൂക്ഷിക്കുന്നതിന് അധികസ്ഥലം ഉപയോഗിക്കേണ്ടതായി വരുന്നു.

2)ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCF പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങൾ പാലിച്ച് എം സി എഫ് പരിസരം വൃത്തിയായി സൂക്ഷിയ്ക്കേണ്ടതാണ്.

3)ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടക്കുന്നതിന് എംസിഎഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. അടിസ്ഥാന സൗകര്യമായ കുടിവെള്ളത്തിന് ഫിൽട്ടർ സ്ഥാപിക്കേണ്ടതുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ട്രോളികൾ വാങ്ങി നൽകേണ്ടതുണ്ട്. മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതും പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.

4)യൂസർ ഫീ കളക്ഷൻ ഊർജിതമാക്കാൻ സർക്കാർ നിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് പ്രയോജനകരമാവും വിധത്തിൽ ഹരിത മിത്രം ആപ്പ്/ക്യൂ ആർ കോഡ്

സംവിധാനവും, അനുബന്ധ എസ്.എം.എസ് സേവനവും പൂർണമായും പ്രവർത്തിപഥത്തിൽ എത്തിക്കേണ്ടതുമാണ്.
5)ഹരിതകർമ്മസേനയോടൊപ്പം, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ ,ക്ലബുകൾ എന്നിവരെ കൂട്ടി യോജിപ്പിച്ചുകൊണ്ട് സമഗ്രമായ രീതിയിൽ മാലിന്യശേഖരണവും സംസ്കരണവും നടത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-12 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ വസ്തുനികുതി നിർണയിച്ചതിൽ അപാകത

ഗ്രാമപഞ്ചായത്തിൽ ശ്രീ. അബ്ദുൽ അസീസ്, മാനേജിംഗ് പാർട്ട്ണർ റോയൽ അഗ്രോ ഫാം നഴ്സറി എന്നവർ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നമ്പർ ലഭിക്കുന്നതിന് വേണ്ടി 24.04.2023ലെ A3-2307 നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേര് | ശ്രീ. അബ്ദുൽ അസീസ്, മാനേജിംഗ് പാർട്ട്ണർ റോയൽ അഗ്രോ ഫാം നഴ്സറി |
| വില്ലേജ് | പുഴക്കാട്ടിരി |
| റീ സർവ്വെ നമ്പർ | 67/1A-319, 67/1A-320 |
| പ്ലാൻ പ്രകാരം ക്രമവൽക്കരിക്കാനുള്ള ആകെ വിസ്തീർണം | 843. ച.മീ. |

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വിസ്തീർണം | അടിസ്ഥാന വസ്തുനികുതി നിരക്ക്, ഉപയോഗക്രമം |
|---|---|---|---|
| 1 | 13 / 354 F | 890.18 ച.മീ. | 25 (സ്വിമ്മിംഗ് പൂൾ) |
| 2 | 13/354 G | 10.17 ച.മീ. | 6 (ബങ്കുകൾ) |
| 3 | 13/354 H | 12.56 ച.മീ. | 6 (ബങ്കുകൾ)13/354 |

അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം Dormitories, Hotel (Group A2) Building എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുന്ന തറവിസ്തീർണം 585 ച.മീ. , നിർമിത വിസ്തൃതി 847.3 ച.മീ. എന്നിങ്ങനെയാണ്. കൂടാതെ പ്ലാൻ പരിശോധിച്ചതിൽ നിന്നും 275 ച.മീ. സ്വിമ്മിങ് പൂൾ , 10.1736 ച.മീ. കുട്ടികളുടെ സ്വിമ്മിങ് പൂൾ എന്നിവ ഉൾപ്പെടെ ആകെ പൂളിന്റെ വിസ്തീർണം 285.1736 ച.മീ. ആണെന്ന് ബോധ്യപ്പെട്ടു. എന്നാൽ സ്വിമ്മിങ് പൂൾ ഏരിയ ഉൾപ്പെടെ ആകെ 890.18 ച.മീ. വിസ്തീർണത്തിന് 25 രൂപ / ച.മീ. നിരക്കിലാണ് 13/354 F നമ്പർ കെട്ടിടത്തിന് നികുതി നിർണയിച്ചിട്ടുള്ളത്. മുഴുവൻ വിസ്തീർണത്തിനും സ്വിമ്മിങ് പൂൾ ഏരിയയ്ക്ക് ബാധകമായ 25 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചത് ക്രമപ്രകാരമല്ല. പഞ്ചായത്ത് വിജ്ഞാപനം ചെയ്ത പുതുക്കിയ വസ്തുനികുതി നിരക്കിലെ ക്രമ നമ്പർ 6 പ്രകാരം 300 ച.മീ.ന് മുകളിലുള്ള പാർപ്പിടാവശ്യത്തിനുള്ള ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെയുള്ളവയ്ക്ക് 65 രൂപയാണ് നിരക്ക് നിർണയിച്ചിട്ടുള്ളത്. ആയതിനാൽ ആകെ വിസ്തീർണത്തിൽ നിന്നും സ്വിമ്മിങ് പൂൾ ഒഴികെയുള്ള തറവിസ്തീർണത്തിന് 65 രൂപ നിരക്കിലായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. തെറ്റായി വസ്തുനികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (എൻകുയറി നം. 33/19.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി പുനർനിർണയിച്ച് അർഹമായ വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും നിർണയിക്കപ്പെട്ട പരമാവധി നിരക്കിൽ അധികരിക്കാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ) ചട്ടങ്ങൾ -ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിന്റെ പുരോഗതി ശ്രദ്ധിക്കുന്നതിനും നികുതി സമയത്ത് എത്തുന്നത് ശ്രദ്ധിക്കുന്നതിനും വേണ്ടി സെക്രട്ടറി V-ാം നമ്പർ

ഫോറത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ) ചട്ടങ്ങൾ -ചട്ടം 23 പ്രകാരം ഓഫീസ് തലവനോ തൊഴിലുടമയോ നികുതിയിനത്തിൽ ശേഖരിച്ച തുക ഒടുക്കിക്കഴിഞ്ഞാൽ V-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്ററിലെ 12, 13 കോളങ്ങളിൽ ചേർക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർദിഷ്ട ഫോറത്തിലുള്ള തൊഴിൽനികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. Profession Tax-Employees, Profession Tax-Institutions എന്നീ ഹെഡുകളിലെ ലെഡ്ജർ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേൺസുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സെക്ഷൻ ലഭ്യമാക്കിയ വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരവുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ചട്ട പ്രകാരം സൂക്ഷിക്കേണ്ടതായ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററും റിട്ടേൺസുകളും ക്രമപ്രകാരം സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സെക്ഷൻ ക്ലർക്കിനും സൂപ്പർവൈസിംഗ് ചുമതലയുള്ള ഹെഡ് ക്ലർക്ക്/സെക്രട്ടറി എന്നിവർക്കും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (എൻകുയറി നം. 28/19.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരം സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. ചുവടെ ചേർത്ത ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് നമ്പർ, അടച്ച ഫീസിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകുയറി (എൻകുയറി നം. 29/19.10.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | 1530/23 (തീയതി രേഖപ്പെടുത്തിയിട്ടില്ല) | അബ്ദുസലീം ചേലക്കാട്ട് |
| 2 | 1634 /23 (തീയതി രേഖപ്പെടുത്തിയിട്ടില്ല) | ഉണ്ണിമുഹമ്മദ് മേലേടത്ത് |
| 3 | 4866/ 23 Dtd.1.4.23 | മുഹമ്മദ് ഹഫീദ് , അബ്ദുൽ ഗഫൂർ, യൂസുഫ്, അബ്ദുറഹ്മാൻ |
| 4 | 6313/23 (തീയതി രേഖപ്പെടുത്തിയിട്ടില്ല) | മുഹമ്മദ് ഫവാസ് പൊന്നേത്ത് |
| 5 | 5911/23 Dtd 19.9.23 | നസീം ബാനു , ബൈത്തുൽ റഷ |
| 6 | 5837/23 Dtd 15.9.23 | സൽമാൻ എ.കെ., കുന്നത്ത് പള്ള്യാൽ |
| 7 | 2912/23 Dtd 16.9.23 | അബ്ദുള്ള പാലേംപടിയൻ |
| 8 | 2907/23 Dtd 22.5.23 | സുലൈമാൻ കഴുങ്ങിൽ |
| 9 | 3079/ 23 (തീയതി രേഖപ്പെടുത്തിയിട്ടില്ല) | മുഹമ്മദ് അബ്ദുൽ ബായിസ് , വില്ലൻ ഹൗസ് |
| 10 | 5836/23 Dtd 15.9.23 | രേഷ്മ, ഇളംതിരുത്തി |

പട്ടികയിൽ ചേർത്ത അപേക്ഷകളിൻമേൽ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ ഇല്ലയോയെന്ന് വ്യക്തമല്ല. അപേക്ഷ നിരസിച്ചതാണെങ്കിൽ ആയതിന്റെ കാരണവും വ്യക്തമല്ല. ലൈസൻസ് ഫീ അടവാക്കാത്തതിനാൽ ലൈസൻസ് അനുവദിക്കാത്ത അപേക്ഷകളാണെങ്കിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ലൈസൻസ് അനുവദിച്ച അപേക്ഷകളിലും കെട്ടിട നമ്പർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ലൈസൻസ് ഫയലുകളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് അനുവദിക്കുന്ന അപേക്ഷകളിൽ ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ, കെട്ടിട നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആയതിന്റെ കാരണം ഉൾപ്പെടെയുള്ള വിവരങ്ങളും ചേർത്ത് ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വർഷാന്ത്യത്തിൽ വാർഷിക കണക്ക് പ്രകാരം

ലൈസൻസ് ഇനത്തിലെ വരവ് തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി ഒത്ത്നോക്കി ആയതിന്റെ കൃത്യത സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 പെയ്മെന്റ് വൗച്ചറുകൾ സെക്രട്ടറി യഥാസമയം അംഗീകരിക്കുന്നില്ല.

തനതുഫണ്ടിൽ (രാമപുരം സർവ്വീസ് സഹകരണ ബാങ്ക് പുഴക്കാട്ടിരി അക്കൗണ്ട് നമ്പർ. 20050002033) നിന്നും പണം പിൻവലിക്കുന്നതിനായി പെയ്മെന്റ് ഓർഡർ തയ്യാറാക്കി അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് പെയ്മെന്റ് വൗച്ചറുകൾ സെക്രട്ടറി അംഗീകരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | തുക ബാങ്കിൽ നിന്നും പിൻവലിച്ച തിയ്യതി | ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 200344/5.1.24 | 1164079 | 5.1.2024 | 31.3.2024 |
| 2 | ലഭ്യമല്ല | 1034165 | 18.1.2024 | 31.3.2024 |
| 3 | 200347/ 25.1.24 | 314429 | 25.1.2024 | 31.1.2024 |
| 4 | 200350/7.2.24 | 442587 | 7.2.2024 | 16.2.2024 |
| 5 | ലഭ്യമല്ല | 2500000 | 26.12.2023 | 31.3.2024 |
| 6 | ലഭ്യമല്ല | 5000000 | 19.10.2023 | 31.10.23 |

പെയ്മെന്റ് വൗച്ചറുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (എൻകുയറി നം. 18/18.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2023-24 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I). പ്രവൃത്തികളുടെ നടത്തിപ്പ്.

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 116 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 89 പ്രൊജക്ടുകളിലായി ആകെ 22438050/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 116 | ആകെ അടങ്കൽ | 35683598/- |
| നടപ്പിലാക്കിയത് | 89 | ചെലവ് | 22438050/- |
| ശതമാനം | 77 | ചെലവ് ശതമാനം | 63 |

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

II). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണ സമിതി എന്നിവയുടെ ഇടപെടൽ ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 അംഗൻവാടി പുനരുദ്ധാരണം - പ്രവൃത്തി ഭാഗികമായി ചെയ്തു.

ഓഡിറ്റിന്റെ ഭാഗമായി സെന്റർ നമ്പർ 163 പുഴക്കാട്ടിരി അംഗൻവാടി പുനരുദ്ധാരണം (176/24) എന്ന പ്രവൃത്തിയുടെ സൈറ്റ് 17.10.2024 -ന് ഗ്രാമ പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ സാനിധ്യത്തിൽ

പരിശോധന നടത്തി. അംഗൻവാടിയുടെ മുകളിൽ ടസ് വർക്ക് ചെയ്ത് ഷീറ്റ് മേയുന്നതും, ഭാവിയിൽ മീറ്റിംഗ് ഹാളായി ഉപയോഗപ്പെടുത്തുന്നതിന് മുകളിലേക്ക് സ്റ്റയർ സ്ഥാപിക്കലുമാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാർ | AE/LlD&EW/Pkty/05/2022-23/ 26.02.2022, (Tender Variation -Nil) |
| ടി എസ് | LSGD/TS/2021-22/108739/25.03.2022 |
| അടങ്കൽ/ ഫണ്ട് | 227000/ Non Road |
| എം ബുക്ക് | 05/2022-23 |
| ചെലവ്/ വൗച്ചർ | Rs. 206422/-, 03/202-24/19.06.2023 |
| കരാറുകാരൻ | നജീബ് ഇ.കെ |

പരിശോധനയിൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തി.

1. എം ബുക്ക് പരിശോധിച്ചതിൽ ഷീറ്റ് മേയുന്നതിന് 12 മീറ്റർ നീളത്തിൽ ടസ് പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും, 10 മീറ്റർ നീളത്തിൽ മാത്രമാണ് ഷീറ്റ് മേഞ്ഞിട്ടുള്ളത്. ആയത് മൂലം കെട്ടിടത്തിലേക്കുള്ള സ്റ്റെയർ ഉൾപ്പടെ 2 മീറ്റർ ഭാഗം മഴ നനഞ്ഞ് നശിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. ഏകദേശം 7 $M^2$ കൂടി ഷീറ്റ് മേഞ്ഞിരുന്നെങ്കിൽ (2 മി * 3.5 മി) മഴവെള്ളം വീണ് കെട്ടിടവും സ്റ്റെയറും നശിക്കുന്നത് ഒഴിവാക്കാമായിരുന്നു. 7 $M^2$ ഷീറ്റ് മേയുന്നതിന് 4981/- രൂപയാണ് [(7 $M^2$ * 603.04/ $M^2$) + 18% Gst] ആവശ്യമായിട്ടുള്ളത്. പ്രൊജക്ട് അടങ്കൽ പ്രകാരം തുക ഉണ്ടായിരിക്കേ പ്രൊജക്ട് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാത്തത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
2. ഇനം 1 പ്രകാരം (DSR കോഡ് 10.25.) സ്റ്റെയർ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന്റെ ഡാറ്റയിൽ സ്റ്റീലിന് പ്രൈമർ ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നതാണ്. എന്നാൽ നിർമ്മിച്ചിട്ടുള്ള സ്റ്റെയറിന് പ്രൈമർ അടിച്ചിട്ടില്ല എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തി ചെയ്യാതെ കരാറുകാരന് തുക നൽകിയത് ക്രമ പ്രകാരമല്ല.

ഓഡിറ്റ് എൻകൗയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ (24/18.10.2024) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഈ വർഷം പ്രൊജക്ട് രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 2 പ്രകാരമുള്ള അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 അസി. എൻജിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ലാപ്പ്ടോപ്പ് വാങ്ങൽ (281/24) എന്ന പ്രൊജക്ട് പ്രകാരം രണ്ട് കമ്പ്യൂട്ടറുകളും ഒരു ലാപ്പ്ടോപ്പും വാങ്ങുന്നതിന് കെൽട്രോണിന് 183037/- രൂപ മുൻകൂറായി അടവാക്കിയിട്ടുണ്ട്. ആയതിൽ ലാപ്പ് ടോപ്പ് മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് എന്ന് പ്രോജക്ട് ഫയലിൽ നിന്ന് വ്യക്തമാവുന്നു. രണ്ട് കമ്പ്യൂട്ടറുകൾ കൂടി ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ/ ചെലവ് | 195000/183037 (Own-Fund) |
| Performa Invoice | 51694/TVM/ITBG/PI/RC/23-24/25.11.2023,<br>51682/TVM/ITBG/PI/RC/23-24/24.11.2023 |
| വൗച്ചർ നമ്പർ | 16&17/20.12.2023 |

ലഭ്യമാക്കാൻ അവശേഷിക്കുന്ന രണ്ട് കമ്പ്യൂട്ടറുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻകൗയറിക്ക് (24/18.10.2024) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സോളാർ പാനൽ

ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന 45/24 പ്രോജക്ട് തയ്യാറാക്കുകയും നിർവഹണം നടത്തുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായിട്ടാണ് പ്രോജക്ട് നിർവഹണം വിഭാവനം ചെയ്തിട്ടുള്ളത്. 8.41 ലക്ഷം രൂപ തനത് ഫണ്ടും 39000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും ഉൾപ്പെടെ 8.8 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. പ്രോജക്ടിനായി 22300974/04.03.2024 പ്രകാരം 528000 രൂപ അനർട്ടിൽ അഡ്വാൻസ് ആയി ഡെപ്പോസിറ്റ് ചെയ്യുകയും

ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ശരാശരി 18 യൂനിറ്റ് പ്രതിദിന ഉർജ്ജ ഉപഭോഗം ഉള്ളതായി കണക്കാക്കുകയും ഭാവിയിലെ ഉപയോഗ വർദ്ധന കൂടി പരിഗണിച്ച് 10kwp ഓൺഗ്രിഡ് /ഹൈബ്രിഡ് സോളാർ നിലയം സ്ഥാപിക്കുന്നത് വൈദ്യുതി ബിൽ ഗണ്യമായി കുറക്കാൻ ഉപകരിക്കും എന്നാണ് വിലയിരുത്തൽ. 10kwp ഓൺഗ്രിഡ് /ഹൈബ്രിഡ് സോളാർ നിലയം സ്ഥാപിക്കുന്നതിലൂടെ പ്രതിദിനം 40 യൂനിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയും എന്നാണ് വിലയിരുത്തൽ.

19.02.2024 ന് അനർട്ടുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. കരാർ പ്രകാരം അഞ്ച് വർഷം വാറണ്ടി വാഗ്ദാനം ചെയ്തിട്ടുണ്ട്.അനർട്ട് ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം പ്രോജക്ടിന്റെ സാമ്പത്തിക വിശകലനം ഇപ്രകാരമാണ്.

| ഇനം | തുക |
|---|---|
| 10kw Supply , Installation Of Solar Photo Voltic Power Plant (Hybrid Soalr Plant With 1 Hour Backup) | 1172140 |
| Kseb Registrationfee , Feasibility | 15000 |
| Structure, Ladder, AC Cabling | 35000 |
| Other Expenses | 10000 |
| ANERT Administrative Expense @ 10% Of Total Cost | 123214 |
| Total | 1355354 |

പ്രവൃത്തി പൂർത്തിയാക്കിയതായും നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് ഓൺഗ്രിഡ് സോളാർ പവർ ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുന്നു എന്നും അസിസ്റ്റന്റ് സെക്രട്ടറി വിശദീകരിച്ചു. കരാർ പ്രകാരമുള്ള അഡ്വാൻസ് തുക മാത്രമാണ് നൽകിയിട്ടുള്ളത്. സോളാർ സ്ഥാപിക്കുന്നതിന് മുമ്പ് വന്ന KSEB യുടെ നാല് ബില്ലുകൾ ഇപ്രകാരമാണ്. 12/23 – ₹9355. 2/24 - ₹10570, 04/24 – ₹10813, 06/2024 - ₹5993 . അതായത് നാല് മാസത്തെ ശരാശരി ബിൽ തുക 9183 രൂപ. സോളാർ സ്ഥാപിച്ചതിന് ശേഷമുള്ള വൈദ്യുതി ബിൽ ഗണ്യമായി തന്നെ കുറഞ്ഞതായി വൈദ്യുതി ബിൽ പരിശോധനയിൽ വ്യക്തമാവുന്നു. സോളാർ സ്ഥാപിക്കുന്നതിന് ശേഷം വന്ന നാല് ബില്ലുകൾ ഇപ്രകാരമാണ് 07/24 – ₹1743, 08/24 – ₹1728, 09/24 – ₹1618, 10/24 – ₹1616 . അതായത് നാല് മാസത്തെ ശരാശരി ബിൽ തുക 1676 രൂപയാണ് വരുന്നത്.

നിലവിൽ സോളാർ സംവിധാനത്തിന് പരിമിതികൾ ഇല്ല ബാക്ക് അപ്പ് ലഭിക്കുന്നുണ്ട് എന്നും വ്യക്തമായിട്ടുണ്ട്. സോളാർ പാനലിന്റെ ഫലപ്രാപ്തി തുടർന്നുള്ള ഓഡിറ്റിൽ വിലയിരുത്തുന്നതാണ്.

## 1-20 മാലിന്യം നിക്ഷേപിച്ചതിന് ചുമത്തിയ പിഴ ഭരണ സമിതി ഒഴിവാക്കി നൽകി

ഭരണ സമിതിയുടെ 4 /13.04.2023 തീരുമാനം ഇപ്രകാരമാണ്. "പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ വാർഡ് 9 ൽ കോട്ടുവാട് എന്ന സ്ഥലത്ത് കോട്ടുവാട് -മാലാപ്പറമ്പ് റോഡിന്റെ സൈഡിലായി പൊതു സ്ഥലത്ത് പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും പ്ലാസ്റ്റിക്ക് ചാക്കുകളിൽ കെട്ടികൊണ്ട് വന്ന് വലിച്ചെറിഞ്ഞിട്ടുള്ള നിലയിൽ കണ്ടെത്തിയതിനെ തുടർന്ന് സംഭവ സ്ഥലം നേരിട്ട് പരിശോധിക്കുകയും പരാതിയിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള മാലിന്യങ്ങൾ 18 ഓളം ചാക്കുകളിലും 3 കവറുകളിലുമായി വലിച്ചെറിഞ്ഞ നിലയിൽ കണ്ടുബോധ്യപ്പെടുകയുണ്ടായി . കെട്ടുകൾ പരിശോധിച്ചതിൽ നിന്നും മലപ്പുറം കോട്ടപ്പടിയിൽ പ്രവർത്തിക്കുന്ന പാറമ്മൽ ഫൂട്ട് വെയർ,ഗ്രേസ് ടവർ, കോട്ടപ്പടി മലപ്പുറം ഫോൺ-0483-2736205 എന്ന സ്ഥാപനത്തിന്റെ നിരവധി ബില്ലുകൾ ലഭിക്കുകയുണ്ടായി. ഇത് പ്രകാരം പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ടപ്പോൾ മാലിന്യങ്ങൾ അവരുടേതല്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

22/02/2023 തീയ്യതി 737/2023 കത്ത് പ്രകാരം മലപ്പുറം കോട്ടപ്പടിയിൽ പ്രവർത്തിക്കുന്ന പാറമ്മൽ ഫൂട്ട് വെയർ എന്ന സ്ഥാപനത്തിൽ നിന്നും ഖരമാലിന്യങ്ങൾ കവറിലാക്കി പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ കോട്ടുവാട് എന്ന സ്ഥലത്ത് വലിച്ചെറിഞ്ഞതിന് കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി, പരിസ്ഥിതി സംരക്ഷണ നിയമം 1986, വകുപ്പ് 15, ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം4(2) എന്നിവ പ്രകാരം 10,000/- രൂപ (പതിനായിരം രൂപ മാത്രം) പിഴ ചുമത്തുകയും നോട്ടീസ് നൽകുകയും ചെയ്തതിനെ തുടർന്ന് ആയതിൻ പ്രകാരം ടിയാന്റെ അറിവില്ലാതെ വന്ന തെറ്റ് മാപ്പാക്കി നൽകി പിഴ ചുമത്തുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നാവശ്യപ്പെട്ട് ഷാഹുൽ ഹമീദ് Prop.പാറമ്മൽ ഫൂട്ട് വെയർ, കോട്ടപ്പടി ,മലപ്പുറം സമർപ്പിച്ച അപേക്ഷയും, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ കോട്ടുവാട്-മാലാപ്പറമ്പ് റോഡരികിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ഉപയോഗ ശൂന്യമായ വസ്തുക്കളും അലക്ഷ്യമായി നിക്ഷേപിച്ചവർക്ക് തക്കതായ ശിക്ഷ നൽകണമെന്നാവശ്യപ്പെട്ട് ഹരിതകർമ്മസേനാഗം സക്കീർഹുസൈൻ സമർപ്പിച്ച അപേക്ഷയും യോഗം ചർച്ച

ചെയ്തതിൽ ഷാഹുൽ ഹമീദ് Prop.പാറമ്മൽ ഫ്രൂട്ട് വെയർ, കോട്ടപ്പടി ,മലപ്പുറം കൂറ്റകാരനല്ല എന്നും പ്രസ്തുത സാഹചര്യങ്ങൾക്കിടയാക്കിയ മാലിന്യങ്ങൾ റോഡരികിൽ നിന്ന് മുഴുവനായും മാറ്റിയിട്ടുള്ളതായും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ കയ്യിൽ നിന്ന് പിഴയായി തുക വാങ്ങേണ്ടതില്ല എന്ന് യോഗം ഐകൃകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. ടി വിവരം അറിയിച്ച്കൊണ്ട് സക്കീർ ഹുസൈൻ എന്നവർക്ക് കത്ത് നൽകുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു. "

ആക്ട് പ്രകാരം ചുമത്തിയ പിഴ ഒഴിവാക്കി നൽകാൻ നിലവിൽ ഭരണ സമിതിക്ക് അധികാരമില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഇത്തരം നടപടികൾ നിയമ സംവിധാനങ്ങളുടെ പ്രസക്തി നഷ്ടപ്പെടുത്തുന്നതാണ്. ഏത് അധികാരം / ഉത്തരവ് പ്രകാരമാണ് പിഴ ഒഴിവാക്കി നൽകിയത് എന്ന് വ്യക്തമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് 03/15.10.2024 ഓഡിറ്റ് എൻകൃയറി നൽകിയിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സ്ഥാപന ഉടമ മറ്റൊരു ഏജൻസിയെ മാലിന്യം ഒഴിവാക്കാൻ ഏൽപിച്ചതാണ് എന്നും സ്ഥാപന ഉടമക്ക് ഇതിൽ പങ്കില്ല എന്ന് വ്യക്തമായതിനാൽ ആണ് പിഴ ഒഴിവാക്കി നൽകിയത് എന്നും എക്സിറ്റ് മീറ്റിങ്ങിൽ വൈസ് പ്രസിഡന്റ് വിശദീകരിച്ചു.

വ്യക്തമായ രേഖയില്ലാതെ കേവലമായ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിയമം മൂലം ചുമത്തിയ പിഴ ഒഴിവാക്കി നൽകിയ നടപടി അംഗീകരിക്കാനാവില്ല. മാലിന്യ സംസ്കരണവും നിർമാർജ്ജനവും പ്രത്യേക മുൻഗണന നൽകി നടപ്പിലാക്കി വരുന്ന ഈ സമയത്ത് ഇത്തരം സമീപനങ്ങൾ ഭരണ സമിതി സ്വീകരിക്കുന്നതും സെക്രട്ടറി വിയോജനക്കുറിപ്പ് പോലും രേഖപ്പെടുത്താതിരുന്നതും വീഴ്ചയാണ്. പിഴ തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 സകർമ മിനുട്സ് - സൂക്ഷമതയില്ലാത്ത രേഖപ്പെടുത്തലുകൾ

ഗ്രാമ പഞ്ചായത്ത് ഭരണ സമിതി ഓഡിറ്റ് വർഷം 30 തവണ യോഗം ചേരുകയും തീരുമാനങ്ങൾ സകർമയിൽ രേഖപ്പെടുത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2023 വർഷം 22 യോഗങ്ങളും 2024 വർഷം 8 യോഗങ്ങളും ഉൾപ്പെടുന്നു. സകർമ മിനുട്സ് പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. പരിശോധന നടത്തുന്നില്ല.

മീറ്റിംഗ് മിനുട്സ് അംഗീകരിക്കുന്നതിന് മുമ്പ് ഫോണ്ട്, അലൈൻമെന്റ് എന്നിവ പരിശോധിക്കുകയും സോഫ്റ്റ് വെയർ സപ്പോർട്ട് ചെയ്യുന്ന വിധത്തിൽ പേജ് സെറ്റ് ചെയ്യുകയും , പേജ് ബ്രേക്ക് വ്യൂ പരിശോധിച്ച് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരം ഒരു പരിശോധന മിനുട്സ് തയ്യാറാക്കുന്ന വേളയിലോ, അംഗീകരിക്കുന്ന വേളയിലോ നടത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

2. സ്പേസ് ഒഴിച്ചിട്ടിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾക്കായി സെലക്ട് ചെയ്യപ്പെടുന്നവരുടെ പേര്, വാർഡ് നമ്പർ എന്നിവ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാധാരണയായി മിനുട്സിൽ അറ്റാച്ച് ചെയ്ത ഫയലായോ, മിനുട്സിൽ നേരിട്ടോ രേഖപ്പെടുത്തി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് ഗുണഭോക്ത ലിസ്റ്റിൽ അസാധാരണമായ ബ്ലാങ്ക് സ്പേസ് വ്യാപകമായി കാണുന്നു. ഇത് ഗുണഭോക്തൃ ലിസ്റ്റ് അപൂർണമാണ് എന്ന് വിലയിരുത്താവുന്ന വിധത്തിലാണ്. 12.05.2023, 19.08.2023, 08.09.2023, 13.11.2023 തിയ്യതികളിലെ ഭരണ സമിതി തിരുമാനങ്ങൾ സകർമയിൽ പരിശോധിക്കുമ്പേൾ ഈ വസ്തുത പ്രകടമാവുന്നു.

3. വ്യക്തമായ വിവരങ്ങൾ ഇല്ല.

ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച വ്യകതിയുടെ പേര് , ഔദ്യോഗിക പദവി എന്നിവ വളരെ പ്രധാനപ്പെട്ട ഘടകമാണ്. എന്നാൽ 23.01.2024 ലെ ഭരണ സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് ആര് എന്നും പദവിയും രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. മാത്രമല്ല, മിനുട്സ് സെക്രട്ടറി അംഗീകാരത്തിന് അയച്ച തിയ്യതി, അദ്ധ്യക്ഷൻ അംഗീകരിച്ച തിയ്യതി എന്നിവ രേഖപ്പെടുത്താതെയാണ് മിനുടസ് സകർമയിൽ അംഗീകിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

4.തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല .

ഭരണ സമിതിക്ക് മുമ്പാകെ പരിഗണക്ക് വരുന്ന അജണ്ട, തീരുമാനം എന്നിവക്ക് കൃത്യമായ റക്കോർഡിങ്ങ് അനിവാര്യമാണ്. എന്നാൽ ഈ കാലയളവിൽ അജണ്ട രേഖപ്പെടുത്തുകയും തീരുമാനം വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യാത്ത തീരുമാനങ്ങൾ വ്യപകമായി കാണുന്നുണ്ട്. 17.01.2024, 23.01.2024, 08.02.2024, 16.02.2024 തിയ്യതികളിലെ സകർമ മിനുട്സ് പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാവും. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

5.മിനുട്സ് വായിക്കാനാവുന്നില്ല.

22.03.2024 ലെ സകർമ മിനുട്സ് ലീനക്സ് ഉപയോഗിക്കുന്ന ലാപ്ടോപ്പിൽ വായിക്കാനോ ഡൗൺലോഡ് ചെയ്യാനോ സാധിക്കുന്നില്ല. സെർവർ ഇറർ എന്നാണ് മിനുട്സ് ഡൗൺലോഡ് ചെയ്യുന്ന സമയത്ത് സ്ക്രീനിൽ തെളിയുന്നത്. ഫോണ്ട് സെലക്ട് ചെയ്തതിലെ പിഴവാണോ, സാങ്കേതിക പ്രശ്നമാണോ എന്ന് പരിശോധന നടത്തേണ്ടതാണ്.

ഓഡിറ്റ് എൻകയറി 32/19.10.2024 പ്രകാരം അപാകത സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-22 പാലൂർക്കോട്ട കുളം ലീസ് - കരാർ പൂർണമല്ല

അജണ്ട **12,** തീരുമാനം **1 /03.06.2023** ഭരണ സമിതി തീരുമാനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്**.** "പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് പാലൂർ ക്കോട്ട കുളത്തിനോടുബന്ധിച്ച് ടൂറിസം വികസിപ്പിക്കുന്നതിൻറ ഭാഗമായി പാലൂർ കോട്ടകുളം ലീസിന് നൽകുന്നതിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. ദാവൂദ് -36000, സലാഹുദ്ദീൻ -30000 കുഞ്ഞിമുഹമ്മദ് -48000 ലഭിച്ച ക്വട്ടേഷനുകളിൽ നെഗോസിയേഷൻ നടത്തിയതിൽ കുഞ്ഞിമുഹമ്മദ് പാലപ്ര വീട് ,രാമപുരം എന്നവർ 60000 (അറുപതിനായിരം ) രൂപ 20 വർഷത്തേക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . പ്രസ്തുത അപേക്ഷയിൽ 25/052023 തിയ്യതി പ്രസിഡൻറ് വിളിച്ച് ചേർത്ത് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് നടന്നയോഗത്തിൽ 60000 രൂപ വാർഷിക വാടകക്ക് നല്കി 20 വർഷത്തേക്ക് ലീസിന് നൽകുന്നതിന് ധാരണ യായിട്ടുള്ളതാണ്. പ്രസ്തുത തീരുമാനം യോഗം ചർച്ചചെയ്യ . പാലൂർ കോട്ട കുളം ആദ്യത്തെ ഒരു വർഷത്തിന് ശേഷം പ്രതിവർഷം 60000 (അറുപതിനായിരം ) രൂപക്ക് 20 (ഇരുപത്) വർഷത്തേക്ക് ലീസിന് നല്കുന്നതിന് യോഗം ഐകൃകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു. ആദ്യത്തെ മൂന്ന് വർഷത്തിന് ശേഷം ലീസ് തുകയായ 60000 രൂപയുടെ 2% വർദ്ധനവ് ഓരോ വർഷവും അധികരിക്കുന്നതാണ് എന്നത് പ്രകാരം പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വെക്കുന്നതിന് കുഞ്ഞിമുഹമ്മദ് പാലപ്ര വീട് രാമപുരം എന്നവരെ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു. "

ലീസ് തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നിട്ടില്ല എന്ന് വാർഷിക കണക്കിൽ നിന്ന് വ്യക്തമാവുന്നു. ലീസ് ഫയൽ, കരാർ പത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 04/15.10.2024 ഓഡിറ്റ് എൻകയറിയെ തുടർന്ന് ലഭ്യമാക്കിയ A2/1594/23 ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1. G.O.(P) No.113/2019/TD. Dated 24.07.2019 പ്രകാരം ഭേദഗതി ചെയ്ത കേരള സ്റ്റാമ്പ് ആക്ട് Table Of Registration പ്രകാരമുള്ള Stamp Shedule 33a(v) ൽ സ്റ്റാമ്പ് പേപ്പർ വാല്യു സംബന്ധിച്ച പാരമർശം ഇപ്രകാരമാണ്. "8 Rupees For Every Rs.100 Or Part Thereof For Three Time Of Annual Average Rent Reserved ". എന്നാൽ കേവലം 200 രൂപയുടെ മുല്യമുള്ള സാറ്റാമ്പ് പേപ്പറിൽ കരാർ വെച്ചത് സർക്കാറിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വലിയ നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. 11 മാസത്തിൽ കൂടുതൽ കാലവധിയുള്ള വാടക, ലീസ് എന്നിവ രജിസ്റ്റർ ചെയ്തില്ല എങ്കിൽ കരാർ നിയമപരമായി നിലനിൽക്കില്ല എന്നാണ് വ്യവസ്ഥ.

2 പാലൂർക്കോട്ട കുളം , പരിസരം എന്നിവ ഗ്രാമ പഞ്ചായത്തിന്റെ പൂർണ അധീനതയിലുള്ളതാണോ അതോ പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമിയാണോ എന്ന് പരിശോധന നടത്തിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്നും സർവെ നമ്പർ, ഭൂനികുതി, ആധാര നമ്പർ , ഏരിയ എന്നിവ സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല. കുളം മാത്രമാണ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയായിട്ടുള്ളത് എന്ന് അറിയുന്നു. വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. പാലൂർക്കോട്ട സംസ്ഥാന ടൂറിസം ഭൂപടത്തിൽ ഉൾപെട്ട പ്രദേശമാണ്. സർക്കാറിന്റെ ടൂറിസം വൈബ്സൈറ്റിലും പാലൂർ ക്കോട്ട പരാമർശിക്കപ്പെടുന്നുണ്ട്. ഭരണ സമിതിയുടെ തീരുമാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതായി പരാമർശിക്കുന്നുണ്ട്. എന്നാൽ ലഭ്യമായ ഫയലിൽ ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ക്വട്ടേഷൻ വ്യാപകമായ പരസ്യം ലഭ്യമായിട്ടുണ്ടോ എന്ന വസ്തുത പരിശോധിക്കാനായിട്ടില്ല. വിപുലമായ ശ്രദ്ധ ലഭിക്കുന്ന വിധത്തിൽ ക്വട്ടേഷൻ നടത്തിയാൽ ഗ്രാമ പഞ്ചായത്തിന് അധിക വരുമാന സാധ്യതയുള്ള ഒരു മേഖലയിൽ , ലോക്കൽ പരസ്യം മാത്രം നൽകിയാണ് ലീസ് സംബന്ധിച്ച തീരുമാനം എടുത്തത് എന്ന് വ്യക്തമാവുന്നു. ലീസിന് എടുത്ത വ്യക്തിക്ക് പുറമെ നാല് ക്വട്ടേഷനുകൾ / താൽപര്യ പത്രം ലഭിച്ചിട്ടുണ്ട്. സലാഹുദ്ധീൻ രാമപുരം, റിയാസ് മോയൻ വലിയോറ, ദാവൂദ് തിരൂർക്കാട്, ശിഹാബുദ്ധീൻ പനങ്ങാങ്ങര എന്നീവരുടെ താൽപര്യ പത്രം, ലീസ് ഫയൽ എന്നിവയിൽ നിന്ന് വ്യക്തമായ വസ്തുത , അർഹിക്കുന്ന പ്രദേശിക പരസ്യം പോലും ക്വട്ടേഷന് ലഭിച്ചില്ല എന്നാണ്. ടൂറിസം മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാൻ സ്ഥാപനങ്ങളും വ്യക്തികളും ധാരളമായി ഉണ്ടായിരിക്കെ വിപുലമായ പരസ്യം നൽകാതെ കരാർ ഉറപ്പിച്ചത് സുതാര്യതയില്ലാത്ത നടപടിയാണ് എന്ന് വിലയിരുത്തുന്നു. ക്വട്ടേഷൻ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. കുഞ്ഞിമുഹമ്മദ് , പാലപ്ര വീട്, രാമപുരം എന്ന വ്യക്തിയുമായി വെച്ച ലീസ് എഗ്രിമെന്റ് ഫയലിൽ ഉണ്ട്. എന്നാൽ കരാറുടമ്പടിക്ക് നിയമ സാധുത ലഭിക്കുന്ന വിധത്തിൽ കരാർ രജിസ്ടേഷൻ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ല.മാത്രമല്ല. സാക്ഷികൾ ഇല്ലാതെയാണ് കാരാർ വെച്ചത് എന്നും വ്യക്തമാവുന്നു.

5. 2023 ജൂൺ 21 നാണ് കരാർ വെക്കുന്നത്. കരാർ വെച്ച് ഒരു വർഷം പൂർത്തിയായിട്ടുണ്ട് . കരാർ വ്യവസ്ഥ പ്രകാരം ആദ്യ വർഷം വാടക നൽകേണ്ടതില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മൂന്ന് വർഷം വരെ 60000 രൂപ വാർഷിക വാടക നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക അടവാക്കുകയോ അടവാക്കാൻ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാവുന്നു.

6 വാടകക്കാരൻ ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ കരാർ നൽകി 12 മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ കരാർ വെച്ചു എങ്കിലും വാടക്കകാരന് സൈറ്റ് രേഖാമൂലം കൈമാറിയിട്ടില്ല.

7. ഗ്രാമ പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ വ്യവസ്ഥകൾ കരാറിൽ ഇല്ല. സൈറ്റിലെ മരങ്ങൾ, ആസ്തികൾ, ലാന്റ് സ്കേപ്പിൽ മാറ്റം വരുത്തുന്നത്, കെട്ടിട നിർമാണം, അതിർത്തി സംരക്ഷണം, തർക്ക പരിഹാരം, വൈദ്യുതി ചാർജ്, വാടക അടവാക്കൽ, വൈകി അടവാക്കുന്ന സംഗതിയിൽ ഈടാക്കേണ്ട പിഴ, ലീസ് അവസാനിപ്പിക്കുന്നതിന് വാടകക്കാരന്റെയും ഗ്രാമ പഞ്ചായത്തിന്റെയും ഭാഗത്ത് നിന്ന് സ്വീകരിക്കേണ്ട നടപടികൾ, ലീസ് അവസാനിക്കുന്ന വേളയിൽ സ്ഥിര സ്വഭാവമുള്ള , താത്കാലിക കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവസ്ഥ, ലീസ് നീട്ടി നൽകാനുള്ള വ്യവസ്ഥ , സബ് ലീസ് നൽകുന്നതിലുള്ള നിയന്ത്രണം തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെയും ലീസിന് എടുക്കുന്ന വ്യക്തിയുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്താതെയാണ് കരാർ തയ്യാറാക്കിയിട്ടുള്ളത് .

അപാകതകൾക്ക് വ്യക്തമായ വിശദീകരണം, അർഹമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് നൽകിയ 14/17.10.2024 ഓഡിറ്റ് എൻകുയറിക്ക് ഇപ്രകാരം മറുപടി നൽകി .സർക്കാർ എഗ്രിമെന്റുകൾ 200 രൂപയായിട്ടാണ് എഗ്രിമെന്റ് വെക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് ചെയ്തത്. സർക്കാറിന്റെ ടൂറിസം പ്രമോട്ടിങ്ങ് പദ്ധതിയിൽ പലതവണ അപേക്ഷ സമർപ്പിച്ചിരുന്നു. അനുമതി ലഭിച്ചിട്ടില്ല. ആയതിനാലാണ് സ്വകാര്യ മേഖല സെലക്ട് ചെയ്തത്. തുക അടവാക്കിയ ശേഷം എഗ്രിമെന്റ് രജിസ്റ്റർ ചെയ്യാവുന്നതാണ്. കരാർ തുക അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. സ്ഥലം കൈമാറ്റം ചെയ്യുന്ന വേളയിൽ വ്യക്തമായ നിർദേശങ്ങൾ നൽകുന്നതാണ് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള കരാർ പ്രാഥമിക കരാർ മാത്രമാണ് എന്നും ലീസ് തുക അടവാക്കിയ ശേഷം കൂടം കൈമാറുന്ന വേളയിൽ വ്യക്തമായ വ്യവസ്ഥകൾ ഉൽപ്പെടുത്തിയും ഗ്രാമ പഞ്ചായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലും നിയമോദേശം തേടിയും വിപുലമായ കരാർ വെക്കുന്നതും കരാർ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് എക്സിറ്റ് മീറ്റിങ്ങിൽ വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അറിയിച്ചു.

തുടർനടപടികൾ അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനാ വിധേയമാക്കുന്നതാണ്.

## 1-23 ദുരിതാശ്വാസ നിധി - ഫലപ്രദമല്ല. -

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന് പ്രാദേശിക ദുരിതാശ്വാസ നിധി എന്ന പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ CA10140245110100027 എന്ന കറന്റ് അക്കൗണ്ട് നിലവിലുണ്ട് എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്ന് വ്യക്തമാവുന്നു.

ഈ അക്കൗണ്ട് നിലവിൽ പ്രവർത്തന രഹിതമാണ്. ഓപ്പണിംഗ് ബാലൻസും ക്ലോസിംഗ് ബാലൻസും സീറോ ആണ്.

ഓഡിറ്റിനായി ലഭ്യമാക്കിയ ചെക്ക് ബുക്ക് പ്രകാരം 25.08.2006 ന് ശേഷം ഇടപാടുകൾ നടന്നിട്ടില്ല എന്ന് വ്യക്തമാവുന്നു. വാർഷിക കണക്കിൽ ഈ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരം രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല

.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽ നിന്നും ചട്ടം നിർദേശിക്കുന്ന മേഖലഖളിൽ ധനസഹായം നൽകേണ്ടതാണ്.

അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് ദുരിതാശ്വാസ നിധി കൂടുതൽ ഫലപ്രദമായി നിലനിർത്താൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. ഓഡിറ്റ് എൻകയറി നം. 25/18.10.2024 പ്രകാരം ഈ വസ്തുതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## 1-24 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ- സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി

2023-24 സാമ്പത്തിക വർഷത്തിൽ MGNRGA പദ്ധതിയിൽ ഉൾപ്പെടുത്തി സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടത്തി വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 582/- രൂപ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്.

MGNRGA -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവൂ എന്നും MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ ഉത്തരവുകൾ പാലിക്കാതെയാണ് സപ്ലെയർക്ക് തുക നൽകിയത് എന്ന് പ്രവൃത്തികളുടെ ഫയലിൽ നിന്ന് വ്യക്തമാവുന്നു.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉള്ള നിരക്കിന് തുല്യമായ വിധത്തിൽ ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് അധിക ചെലവിന് ഇടയാക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമത്തിലെ നിർദേശം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സിമന്റിന് അധിക നിരക്ക് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയ മെറ്റീരിയൽ വർക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

റോഡ് പ്രവൃത്തികൾക്ക് ഈ കാലയളവിൽ ഒരു ചാക്ക് സിമന്റിന് മോർഡ് ഡാറ്റ പ്രകാരം സിമന്റ് വില, കൺവെയൻസ്, ഒ.എച്ച് ചാർജ്, കരാറുകാരന്റെ ലാഭവിഹിതം ,കോസ്റ്റ് ഇൻഡക്സ് , ജി.എസ്.ടി എന്നിവ ഉൾപ്പെടെ പരമാവധി അനുവദിക്കാവുന്ന തുക 508.75 രൂപയാണ്. (അടിസ്ഥാന നിരക്ക് 5.03/Kg + 4% കൺവേയൻസ്, 10% Oh, 10% Cp, 36.44% Cost Index + 18 % Gst)ഈ നിരക്കാണ് പൊതു മരാമത്ത് പ്രവൃത്തികളിൽ അനുവദിച്ച് വരുന്നത്. ഇപ്രകാരം ഒരു ടൺ സിമന്റിന് പരമാവധി അനുവദിക്കാവുന്ന നിരക്ക് 10175 രൂപയാണ്.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | ഡാറ്റയിൽ ഉൾപ്പെടുത്തിയ സിമന്റ് വില | വാങ്ങിയ സിമന്റിന്റെ അളവ്(Tonne/ Bag) | നൽകിയ തുക @11648/100 / Ton | അനുവദിക്കാവുന്ന തുക @10175/Ton | അധിക ചെലവ് |
|---|---|---|---|---|---|---|
| 1 | പടപ്പറമ്പ് എ.സി പറമ്പ് നടപ്പാത കോൺക്രീറ്റ് Est No : 2023/65663 ചെലവ് : 62410 Fto : 415028/ | 11648/Ton | 2.3 Tonne | 26790 | 23402.5 | 3387.5/ |
| 2 | പാങ്ങ് എ.സി പറമ്പ് റോഡ് കോൺക്രീറ്റിങ്ങ് Est No : 2023/67490 ചെലവ് : 114430 Fto : 415028 | 11648/Ton | 4.4 Tonne | 51251 | 44700 | 6481/- |
| 3 | മുത്തങ്ങ കോളനി റോഡ് കോൺക്രീറ്റ് Est No : 2023/65662 ചെലവ് : 152414 FTO 292132 | 11648/Ton | 5.4 Tonne | 62899 | 54945 | 7954/- |
| 4 | കട്ടിലശ്ശേരി അംഗനവാടി നടപ്പാത | 11648/Ton | 1.3Tonne | 15142 | 13227.5 | 1914.5/- |

| | | | | | | |
|---|---|---|---|---|---|---|
| | Est No : 2023/65664<br>ചെലവ് : 33415<br>Fto: 786107 | | | | | |
| 5 | മോസ്കോ കോളനി റോഡ് കോൺക്രീറ്റ്<br>Est No: 2023/65658<br>ചെലവ് : 159698<br>Fto: 16799/ | 11648/Ton | 6.8 | 79206 | 69190 | 10016 |
| 6 | തയ്യിൽ അംഗനവാടി പാത്ത് വേ കോൺക്രീറ്റ്<br>Est No.2023/65665<br>ചെലവ് :193284<br>Fto: 461261 | 11648/Ton | 6.8 | 79206 | 69190 | 10016 |
| 7 | ചക്കംപള്ളിയാൽ അബു സ്മാരക റോഡ്<br>Est No 2022/173530<br>ചെലവ് :189419<br>Fto: 461261 | 11648/Ton | 6.76/Ton | 78740 | 68783 | 9957 |
| | | | | | | 49726 |

താഴെ രേഖപ്പെടുത്തിയ കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

1) MGNRGA മിഷൻ ഡയറക്ടറുടെ നിർദേശ പ്രകാരം , മെറ്റീരിയൽ വർക്കുകൾക്കായി ഉപയോഗിക്കുന്ന സിമന്റിന് അധിക നിരക്ക് ഡാറ്റയിൽ ഉൾപ്പെടുത്തുന്നത് പുനപരിശോധിക്കേണ്ടതും അർഹമായ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കിയുള്ള നിരക്ക് മാത്രം ഡാറ്റയിൽ ഉൾപ്പെടുത്താൻ ജാഗ്രത പുലർത്തേണ്ടതാണ്.

2) ജില്ലയിലെ അധികം ഗ്രാമ പഞ്ചായത്തിലും സിമന്റ് വില മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ സെകാർ സോഫ്റ്റ് വെയറിലെ നിരക്കിനോട് സാമ്യപ്പെടുത്തുന്ന വിധത്തിൽ ബിൽ തയ്യാറാക്കി സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

3) എഞ്ചിനീയറിംഗ് വിംഗ് മുഖേന നിർവഹണം നടത്തുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ പത്ത് ശതമാനം കരാറുകാരന്റെ ലാഭവിഹിതം , പത്ത് ശതമാനം ഓവർഹെഡ് ചാർജ് എന്നിവ ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കുന്നത്. ഇപ്രകാരം ലാഭ വിഹിതവും, ഓവർഹെഡ് ചാർജും അനുവദിച്ചാലും പരമാവധി ഒരു ടൺ സിമന്റിന് നൽകാവുന്ന തുക 10175 രൂപ മാത്രമാണ്. ഇതേ സമയം മാർക്കറ്റിൽ ഒരു ചാക്ക് സിമന്റിന് വില 400 – 440 മാത്രമാണ് എന്നതാണ് വസ്തുത.
അപാകത പരാമർശിച്ച് നൽകിയ 11/15.10.2024 ഓഡിറ്റ് എൻകുയറിക്ക് സെകാർ സോഫ്റ്റ് വെയറിലെ നിരക്ക് എടുക്കാൻ മാത്രമാണ് നിലവിൽ സാധിക്കുന്നത് എന്നും സിമന്റ് വില സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്താൽ മാത്രമെ നിരക്കിൽ മാറ്റം വരുത്താൻ കഴിയൂ എന്നും നടപ്പ് വർഷം എഞ്ചിനീയറിംഗ് വിഭാഗവുമായി ആശയവിനിമയം നടത്തി പരമാവധി അനുവദിക്കുന്ന നിരക്ക് മാത്രമെ നൽകൂ എന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.
സെകാർ സോഫ്റ്റ് വെയറിലെ നിരക്ക് പരിഗണിക്കാൻ മാത്രമെ നിർവാഹമുള്ളൂ എന്ന മറുപടി അംഗീകരിക്കാനാവില്ല. ജില്ലയിലെ മിക്ക ഗ്രാമ പഞ്ചായത്തുകളും സിമന്റ് വില മാർക്കറ്റ് റേറ്റ് അടിസ്ഥനപ്പെടുത്തി പരിമിതപ്പെടുത്തിയാണ് നൽകുന്നത്. മെറ്റീരിയൽ സപ്ളൈ ഷെഡ്യൂൾ, ആകെ മൂല്യനിർണയം , അളവ് ബുക്ക് എന്നിവയിൽ നിരക്ക് മാർക്കറ്റ് അടിസ്ഥാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ് എങ്കിലും സർക്കാർ നിർദേശം പാലിക്കാതെ സപ്ളൈയർക്ക് തുക നൽകിയ, ടെണ്ടർ നടപടികൾ സ്വീകരിച്ച സെക്രട്ടറിയുടെ , തൊഴിലുറപ്പ് പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-25 തെരുവ് വിളക്കുകളുടെ പരിപാലനം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

തെരുവ് വിളക്കുകളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1)തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ പഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല.

തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ 2023-24 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 676478 രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവു വിളക്കു സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവു വിളക്കുകളും ഉൾപ്പെടുത്തി ഇനം എണ്ണം എന്നിവ തിരിച്ചുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല.ആയതിനാൽ തന്നെ പഞ്ചായത്തു പരിധിയിലുള്ള തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ തെരുവുവിളക്കുകളുടെ എണ്ണം എന്നിവ പ്രസ്തുത രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. മാത്രമല്ല മുഴുവൻ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുകയോ ലഭ്യമാക്കിയ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

2)സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമല്ല.

ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011.കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത്

നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3)പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 മാർഗ്ഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് – നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15,തീ.17.08.15 തെരുവുവിളക്ക് പരിപാലന പൊതു മാർഗ്ഗരേഖ അനുസരിച്ച് സൂക്ഷിക്കേണ്ട തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

മാർഗ്ഗരേഖ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 5/16.10.2024 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

ഉപയോഗശൂന്യമായ തെരുവിളക്കുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, തെരുവുവിളക്കുകളുടെ കംപ്ലയിന്റ് റിപ്പോർട്ട് ചെയ്യുന്ന തീയ്യതി, പ്രവർത്തനരഹിതമായ വിളക്ക്/പ്രദേശം, വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺ നമ്പറും, അറ്റകുറ്റപ്പണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് പരാതി രജിസ്റ്റർ ശരിയായ വിധത്തിൽ സൂക്ഷിയ്ക്കേണ്ടതും, തെരുവുവിളക്കുകളുടെ പരിപാലനം മോണിറ്റർ ചെയ്യുന്നതിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതികൾ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-26 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല. -

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ആയതു പ്രകാരം ഒന്നാം അർദ്ധവർഷത്തെ തുക ഒക്ടോബർ 31നകവും രണ്ടാം അർദ്ധവർഷത്തെ തുക ഏപ്രിൽ 30നകവും അടവാക്കേണ്ടതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2022-23 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും ലൈബ്രറി സെസ്സ് തുകയായ 345396 രൂപ വൗച്ചർ നം 22300750/14.12.2023 പ്രകാരം ഒരുമിച്ചാണ് അടവു വരുത്തിയിട്ടുള്ളത്. സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വന്നതിന് കാരണം വിശദമാക്കേണ്ടതാണ്. 2023-24 വർഷത്തെ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 6/16.10.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-27 ഓണം അഡ്വാൻസ് തുക ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു

വൗച്ചർ നം 2230419/01.09.2023 പ്രകാരം ശ്രീ പി. ശ്രീകുമാർ , സെക്രട്ടറിയ്ക്ക് ഓണം അഡ്വാൻസായി 20000 രൂപ നൽകിയതിൽ 15000 രൂപ തിരിച്ചടച്ചിട്ടുണ്ട്. അവശേഷിയ്ക്കുന്ന 5000 രൂപ ക്രമീകരിച്ചതിന്റെ / തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമല്ല.ആയത് ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 7/16.10.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-28 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവ് പത്രികയിൽ അവ്യക്തത.

സെക്രട്ടറി നിർവഹണം നടത്തുന്ന 39 പ്രോജക്ടുകളാണ് 2023-24 വർഷം തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 7 പ്രോജക്ടുകൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും അവശേഷിച്ചവ പുതിയ പ്രോജക്ടുകളുമാണ്. സുലേഖ ചെലവ് പത്രിക സോഫ്റ്റ് വെയർ ജനറേറ്റഡ് രേഖയാണ്. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ ശരിയായ വിവരം പ്രതിഫലിക്കുന്നതല്ല ചെലവ് പത്രിക എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

1) ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ പൊതു വിഭാഗം സാധാരണ വിഹിതം 2111707 രൂപയും ചെലവഴിച്ച തുക 3277749 രൂപയുമാണ്. ഇവിടെ ആകെ വകയിരുത്തിയ തുകയേക്കാൾ ചെലവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. മാത്രമല്ല, തുക വകയിരുത്തൽ ഇല്ലാതെ ചെലവ്

രേഖപ്പെടുത്തിയതായും വ്യക്തമാവുന്നു.

2) ചെലവ് പത്രിക പ്രകാരം സെക്രട്ടറി നിർവഹണം നടത്തുന്ന എസ്.സി.പി വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ ഇല്ല. എന്നാൽ ചെലവഴിച്ച തുക 728254 രൂപയുമാണ്.

3) തനത് ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് മെയിന്റനൻസ് ഫണ്ട് - റോഡിതരം എന്നിവയുടെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും രേഖപ്പെടുത്തിയതിൽ പിഴവില്ല എന്നും കാണുന്നു.

ആധികാരിക രേഖയായി പരിഗണിക്കാവുന്നവയാണ് സുലേഖ ചെലവ് പത്രിക. എന്നാൽ ഓരോ Raw യിലെയും Column ത്തിലെയും തുകകൾ പരസ്പരം പൊരുത്തപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നതായി വ്യക്തമാവുന്നു. സോഴ്സ് ഡിഡക്ഷൻ വരുന്ന ലൈഫ് ലോൺ തിരിച്ചടവ്, അംഗനവാടി ജീവനക്കാരുടെ വേതനം തുടങ്ങിയ ജി.ഒ പ്രോജക്ടുകളുടെ ചെലവ് ബുക്ക് ചെയ്യുന്നത് തെറ്റായ രീതിയിലാണ് എന്ന് ചെലവ് പത്രിക വ്യക്തമാക്കുന്നു. ഒരു പ്രോജക്ടിന് തുക വകയിരുത്താതെ ചെലവ് ബുക്ക് ചെയ്യുന്നത് കണക്കുകളിലെ ആധികാരികത നഷ്ടപ്പെടുത്തുന്നതാണ്. അർഹമായ പരിശോധന നടത്തി ഈ വ്യത്യാസം വന്നത് ബന്ധപ്പെട്ട അധികാരികളുടെയും സോഫ്റ്റ് വെയർ ഡവലപ്പേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകുയറി 8/16.10.2024 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം പൂർത്തീകരണ സാക്ഷ്യപത്രം _ ഹാജരാക്കിയിട്ടില്ല._

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| BRN/ തീയതി | പ്രോജക്ട് | തുക | സ്ഥാപനം. |
|---|---|---|---|
| 23151152010100938526/ 15.12.2023 | പളളിക്കുന്ന് അംഗനവാടി കുഴൽ കിണർ നിർമാണം (166/24)( റോഡിതരം 100000 ) | 48971 | ഭൂഗർഭ ജല വകുപ്പ് ,മലപ്പുറം |

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറി നം.22/17.10.2024 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർതിയാകുന്ന മുറയ്ക്ക് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവിനാസ്പദമായ 48971 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-30 ഹരിത കർമസേനയ്ക്ക് വാഹനം വാങ്ങൽ - അപാകതകൾ

പ്രോജക്ട് : ഹരിത കർമസേനയ്ക്ക് മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ (272/24)

അടങ്കൽ : 15 ലക്ഷം (10,50,000 സെൻടൽ ഫണ്ട്, 4,50,000 തനത്ഫണ്ട്)

ആകെ ചെലവ് :793566/-

1)വൗച്ചർ നം&തീയതി 22300839/21.124 - 689349/-

2)വൗച്ചർ നം&തീയതി 22301083/21.3.24 - 60000/-

3) വൗച്ചർ നം&തീയതി 22301084/21.3.24 - 44217/-

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം ഗ്രൂസ്സ് കരിയർ (KL 53v1645)എന്ന വാഹനം ജെം പോർട്ടൽ വഴി അശോക് ലൈലാന്റ് ലിമി. ചെന്നൈയിൽ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം TN2301482196/30.11.23 ) ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ചെലവു തുക | ചെലവുവിവരം/തുക നൽകിയത് |
|---|---|
| 689349 | വാഹനം വാങ്ങിയതിന് അശോക് ലൈലാന്റ് ലിമി. ചെന്നൈയ്ക്ക നൽകിയത്. ജിഎസ് ടി ഉൾപ്പെടെ) |
| 44217 | ഇൻഡസ് മോട്ടോർസിന് നൽകിയത് |
| 60000 | ബോഡി വർക്കുകൾ ചെയ്യുന്നതിന് ഇൻഡസ് മോട്ടോർസിന് നൽകിയത് (കമ്മീഷൻ മുഖേന) |

| | |
|---|---|
| | ആകെ ചെലവ് : 793566 |

പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1)44217രൂപ ഇൻഡസ് മോട്ടോർസിന് നൽകിയതു സംബന്ധിച്ച ചെലവിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2)വാഹനങ്ങളുടെ ഇൻഷൂറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

18.04.2000 തിയ്യതിയിലെ സ.ഉ(പി) 89/2000/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടെയും തേഡ് പാർട്ടി ഇൻഷുറൻസ് പോളിസി, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ, നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് 07.08.2021 ലെ ഗതാഗതവകുപ്പിന്റെ സർക്കുലർ നമ്പർ ബി2/278/2019 പ്രകാരവും ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ വാഹനത്തിന് ബജാജ് ആലിയൻസ് ജനരൽ ഇൻഷുറൻസ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ ഇൻഷുറൻസ് പോളിസിയാണ് എടുത്തിട്ടുള്ളത്. (പോളിസി നം ALH/162586/13.2.24 തുക 30676/-)സർക്കാർ ഉത്തരവിനു വിരുദ്ധമായി സ്വകാര്യ ഇൻഷുറൻസ് കമ്പനികളിൽ നിന്നും വാഹനങ്ങളുടെ ഇൻഷൂറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

3)വാങ്ങിയ വാഹനം പഞ്ചായത്തിന്റെ സ്റ്റോക്കിൽ /ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്._അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻകയറി നം 9/17.10.2024 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമമറുപടിയിൽതന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-31 മഴക്കാല പൂർവ്വ ശുചീകരണം - ശുചിത്വ മിഷൻ ഫണ്ട് മുഴുവൻ ചെലവാക്കിയില്ല

വൗച്ചർ നമ്പർ 22300061/5.5.2023 - 170000

വൗച്ചർ നമ്പർ 22300061/5.5.2023 - 85000

ആകെ 255000

2023-24 വർഷത്തിൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലേക്ക് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് വാർഡ് ഒന്നിനു 15,000/- രൂപ വീതം ആകെ 2,55,000 രൂപ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)ക്ക് കൈമാറിയിട്ടുണ്ട് .ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, വാർഡുതല സാനിറ്റേഷൻ സമിതികൾക്ക് നൽകിയ 15000 രൂപയിൽ താഴെ പറയുന്ന വാർഡുകൾ മുഴുവൻ തുകകളും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡുകൾ | ചെലവഴിച്ച തുക (ലഭ്യമാക്കിയ രേഖകൾ പ്രകാരം) | ചെലവഴിയ്ക്കാൻ അവശേഷിയ്ക്കുന്ന തുക |
|---|---|---|---|
| 1 | 5 | 3110 | 11890 |
| 2 | 7 | 6000 | 9000 |
| 3 | 10 | 3462 | 11538 |
| 4 | 12 | 5000 | 10000 |
| 5 | 14 | 2523 | 12477 |
| 6 | 16 | 6983 | 8017 |
| ആകെ | | 27078 | 62922 |

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വാർഡുകൾക്ക് നൽകിയ ശുചിത്വ മിഷൻ ഫണ്ടിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന 62922 രൂപ തിരികെ ഈടാക്കാനോ ക്രമീകരിക്കാനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ്

അന്വേഷണം 20/18.10.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമമറുപടിയിൽതന്നെ ലഭ്യമാക്കേണ്ടതാണ്. അതു വരെ ചെലവിനാസ്പദമായ 62922 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-32 വാഹനങ്ങളുടെ വിവരങ്ങൾ- വീൽസിൽ അപ്ഡേറ്റ് ചെയ്യുതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്കുലറും, 21.11.2019 ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായായി, ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങളിലേയും, വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.VEELS ലോഗിനിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മഹീന്ദ്ര ബോലേറോ , ഹരിതകർമ്മ സേനയുടെ ആവശ്യത്തിനായുള്ള വാഹനം എന്നിവയും അസിസ്റ്റന്റ് എഞ്ചിനിയറുടെ കാര്യാലയത്തിലെ ആവശ്യങ്ങൾക്കായി വാടകക്കെടുത്ത വാഹനവും ഉണ്ട്. എന്നാൽ ഈ വാഹനങ്ങളുടെ വിവരങ്ങളും, ഡ്രൈവർ തുടങ്ങിയവരുടെ വിവരങ്ങളും നാളിതുവരെ വീൽസിൽ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച ഫയലോ മറ്റ് രേഖകളോ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല.ഗ്രാമപഞ്ചായത്തിലെ എല്ലാ വാഹനങ്ങളെയും സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ VEELS ൽ ചേർക്കാൻ യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 21/17.10.2024)

## 1-33 മിനി എം സി എഫ് സ്ഥാപിക്കൽ- അധിക നിരക്ക് നൽകി.

സെക്രട്ടറി നിർവ്വഹണം നടത്തിയ മിനി എം സി എഫ് സ്ഥാപിക്കൽ (276/24) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 17 മിനി എം സി എഫ് -കൾ സ്ഥാപിച്ചിട്ടുണ്ട്. IRTC മുണ്ടൂർ, പാലക്കാട് എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഒരു മിനി എം സി എഫ് -ന് 50000/- രൂപ നിരക്കിൽ 17 എണ്ണത്തിന് 850000/- രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്.

| | |
|---|---|
| ഫണ്ട് | ശുചിത്വ മിഷൻ |
| അടങ്കൽ/ ചെലവ് | 850000/850000 |
| വൗച്ചർ നമ്പർ | 22300838/05.10.2023 തുക 4,25,000, 22301277/31.03.2024 തുക 4,25,000 |

പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവ നൽകി- 80240/- രൂപയുടെ അധിക ചെലവ്.

സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം (DSR 2018_ EST No.2024/6603_ Cost Index 36.44%) അനുബന്ധം 3 (Appendix 3) പ്രകാരം മിനി എം സി എഫ് -ന്റെ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി ഇനത്തിൽ ഒന്നിന് 4000/- നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവ കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കുന്നത്. എസ്റ്റിമേറ്റ് ഇനങ്ങളുടെ ഡാറ്റ വിശകലനം നടത്തിയാൽ ഈ വസ്തുത ബോധ്യമാവും. ആയതിനാൽ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് എന്നിവക്ക് വേണ്ടി പ്രത്യേക ഇനമായി തുക വകയിരുത്തിയത് ക്രമ പ്രകാരമല്ല. ക്രമ വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം 80240/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക (ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി) | നൽകാവുന്ന തുക (ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലിയും ആയതിന് എസ്റ്റിമേറ്റ് പ്രകാരം നൽകിയ 18% | അധികം നൽകിയ തുക |
|---|---|---|

| | GST-യും കുറവ് ചെയ്ത്) | |
|---|---|---|
| 850000/-<br>[Ie, 50000*17] | 769760/-<br>Ie, [(50000*17) – (4000*17) + (18% GST)] | 80240/- |

2. സ്റ്റീൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി- 46704/- രൂപയുടെ അധിക ചെലവ്.

എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം സ്റ്റീൽ പ്രവൃത്തികൾക്ക് DSR 2018, Sepc Code 10.16.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. ആയത് Hot Finished Seamless Type Tubes -കൾ കൊണ്ടുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് ആണ്. മേൽ പ്രവൃത്തിക്ക് DSR 2018, Sepc Code 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. മൂല്യ നിർണ്ണയ പ്രകാരം ഒരു മിനി MCF നിർമ്മിക്കുന്നതിന് 121.136 Kg സ്റ്റീൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം 46704/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക<br>(@ Sepc Code 10.16.2, 174.35/ Kg) | നൽകാവുന്ന തുക<br>(@ Sepc Code 10.25.2,155.13/Kg) | അധികം നൽകിയ തുക |
|---|---|---|
| 423668/-<br>[Ie, (121.136 Kg* 174.35/Kg) *17 + (18% GST)] | 376964/-<br>[Ie, (121.136 Kg* 155.13/Kg) *17 + (18% GST)] | 46704/- |

ഓഡിറ്റ് പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്/ ക്രമ നമ്പർ 1,2 പ്രകാരം അധികം നൽകിയ 126944/- തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-34 തുക അടവാക്കി - ലാപ്ടോപ്പ് ലഭ്യമാക്കിയില്ല

1. പ്രൊജക്ട് നമ്പർ / പേര് : 35/24 പനങ്ങാങ്ങര ജി യു പി സ്കൂളിലേക്ക് കമ്പ്യൂട്ടർ ലാപ്ടോപ്പ് വാങ്ങൽ

അടങ്കൽ : 400000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്), ചെലവ് തുക : 380160 രൂപ

BRN 23151152033201146977/31-1-24 RS 380160/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

2. പ്രൊജക്ട് നമ്പർ / പേര് : 244/24 ചൊവ്വാണ പലകപ്പറമ്പ് സ്കൂളുകളിലേക്ക് ലാപ്ടോപ്പ് വാങ്ങൽ

അടങ്കൽ : 100000(വികസന ഫണ്ട് ജനറൽ), ചെലവ് തുക : 100000 രൂപ

60000 (തനത് ഫണ്ട്) ചെലവ് തുക : 52064 രൂപ

BRN 23151152033201505263/24-03-2024 RS 100000/-രൂപ (വികസന ഫണ്ട് ജനറൽ)

വൗച്ചർ നമ്പർ 22300457/14.09.2023, RS 52064

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ മേൽ പദ്ധതികളിൽ ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം 380160 രൂപയും (പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/49961/23-24, 31-03-24 RS 380160 രൂപ-Laptop 10 Nos), ക്രമ നമ്പർ 2 പ്രൊജക്ട് പ്രകാരം 152064 (പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/49962/23-24,17.08.23 RS 152064- Laptop 4 Nos ) രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ ലാപ്ടോപ്പ് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി നമ്പർ 12/17.10.24 ന് മറുപടിയായി Cprcs സൈറ്റിൽ Work Oder നൽകാൻ സാധിക്കുന്നില്ല എന്നും Work Oder നൽകാൻ കഴിയുന്ന മുറക്ക് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-35 തുടർ സാക്ഷരത-തുല്യതാ ഫീസ് അടവാക്കൽരേഖകൾ ലഭ്യമാക്കേണ്ടതാണ്

ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച തുടർ സാക്ഷരത-തുല്യതാ ഫീസ് അടവാക്കൽ എന്ന പദ്ധതിയുടെ (32/24) ഭാഗമായി 10, +1, ക്ലാസുകളിലെ തുല്യത പഠിതാക്കളുടെ ഫീസ് അടവാക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് | തുടർ സാക്ഷരത-തുല്യതാ ഫീസ് അടവാക്കൽ(32/24) |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |

| | |
|---|---|
| അടങ്കൽ | 50000/- പൊതുവിഭാഗം, 100000/- തനത് ഫണ്ട്. |
| ചെലവ് | 99050/-<br>50000-പൊതുവിഭാഗം<br>49050-തനത് ഫണ്ട്. |
| ബിൽ/ വൌച്ചർ നമ്പർ | 27750/- 22300501/30.09.23<br>21300/-22300500/30.09.23<br>50000/- 23151152033201505297/24.03.24 |

പദ്ധതി പ്രകാരം പഠിതാക്കളുടെ കോഴ്സ് ഫീ ഇനത്തിൽ (10 ാം ക്ലാസ് 15 പഠിതാക്കൾ, +1 31 പഠിതാക്കൾ, ) ആകെ 99050/- രൂപ കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷൻ തുക കൈപറ്റിയതിന്റെ വിശദാംശങ്ങളും മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതിയതിന്റെയും യോഗ്യത നേടിയതിന്റെയും വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻകയറി( 13/17.10.24) നൽകിയതിനെ തുടർന്ന് 10ാം ക്ലാസിലെ പഠിതാക്കളുടെ ഫീസ് സാക്ഷരതാ മിഷൻ തുക കൈപറ്റിയതിന്റെ വിവരവും 10ാം ക്ലാസിലെ പഠിതാക്കൾക്ക് അടുത്ത ഒക്ടോബറിലാണ് പരീക്ഷ തിയതി നിശ്ചയിച്ചിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. +1 ലെ 25 പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ലഭ്യമാക്കിയതിൽ 17 പേർ മാത്രമാണ് എല്ലാ വിഷയവും പരീക്ഷ എഴുതിയിട്ടുള്ളത് എന്ന് വ്യക്തമാവുന്നു. 10ാം ക്ലാസിലെയും +1 ലെയും മുഴുവൻ പഠിതാക്കളും യോഗ്യത നേടിയതിന്റെ വിവരവും +1 ലെ പഠിതാക്കളുടെ ഫീസ് തുക സാക്ഷരതാ മിഷൻ കൈപറ്റിയതിന്റെ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-36 തുക അടവാക്കി - കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല .

പ്രൊജക്ട് നമ്പർ / പേര് : 236/24 ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : 150000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്), ചെലവ് തുക : 138864 രൂപ

BRN 231511520280005176 49/05-9-23 RS 138864/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 138864 രൂപ (പ്രോഫോർമ ഇൻവോയ്സ് TVM/ITBG/PI/RC/50019/23-24, 19-08-23 RS 138864 രൂപ-Desktop 3 Nos), ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന് മുൻകൂറായി നൽകിയിട്ടുണ്ട്. Desktop ലഭ്യമായതു സംബന്ധിച്ച വിവരം,Invoice, ആരോഗ്യ ഉപകേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തതിന്റെ സ്റ്റോക്ക്, വിതരണ വിവരം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ച് ഓഡിറ്റ് എൻകയറി 16/18.10.2024 നൽകിയിരുന്നു. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ട് എന്നാൽ ഇൻസ്റ്റാൾ ചെയ്യുകയോ, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി ഉപയോഗത്തിനായി സെക്ഷന് നൽകുകയോ ചെയ്തിട്ടില്ല എന്നാണ് വ്യക്തമായത്. വ്യക്തമായ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-37 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/ വൗച്ചർ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ | മരുന്ന് ലഭ്യമായതിന്റെ വിവരം | | | അവശേഷിക്കുന്നതിന്റെ വിവരം |
|---|---|---|---|---|---|---|---|---|---|
| 1. | 146/24 പരിരക്ഷ | 442000 (വികസന ഫണ്ട് ജനറൽ)<br>758000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 289875 (വികസന ഫണ്ട് ജനറൽ)<br>376432 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 2315115202 8000 670992 Dtd 18.10.23 RS 110000(part Bill) | PRF 1591 Dtd 06.10.23 RS 110000 | ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക | 38615 |
| | | | | | | 1 | 8575/30.05.24 | 9809 | |
| | | | | | | 2 | 17968/28.06.24 | 12650 | |
| | | | | | | 3 | 427/3.04.24 | 31846 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | 4 | 28327/28.02.24 | 12839 | |
| | | | | | | 5 | 27217/17.02.24 | 2135 | |
| | | | | | | 6 | 21144/20.11.23 | 2106 | |
| | | | | | | | ആകെ | 71385 | |
| 2 | 129/24 ഡയാലിസിസ് രോഗികൾക്ക് മരുന്നും കിറ്റും വാങ്ങൽ | 400000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 399997 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 2315115202800594845 Dtd 27.09.23 RS 399997 | PRF 1331 Dtd 19.09.23 RS 399997 | 1 | 29820/11.03.24 | 16123 | 44235 |
| | | | | | | 2 | 28252/27.02.24 | 12839 | |
| | | | | | | 3 | 26056/3.02.24 | 7728 | |
| | | | | | | 4 | 25958/1.02.24 | 68670 | |
| | | | | | | 5 | 22664/4.12.23 | 103613 | |
| | | | | | | 6 | 23064/8.12.23 | 108640 | |
| | | | | | | 7 | 21425/24.11.23 | 38149 | |
| | | | | | | | ആകെ | 355762 | |
| | | | | | | | | | 82850 |

മേൽ പ്രൊജക്ടുകൾ പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് നൽകിയ തുകയിൽ മുകളിൽ പറയും പ്രകാരം 82850 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം രേഖകൾ സഹിതം സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടെ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 15/18.10.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ പൂർണ്ണമായ ം ലഭ്യമായിട്ടില്ല

പദ്ധതി : 97/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ: : 200000/-മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്

ചെലവ് വിവരം : 200000/-

മെഡിക്കൽ ഓഫീസർ (Homeo) നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബിൽ നം. 23151152028200940463/15.12.2023 പ്രകാരം ആകെ 200000/- രൂപ, പ്രഫോർമ ഇൻവോയ്സ് നം. PF-794/10.11.2023 ന്റെ അടിസ്ഥാനത്തിൽ HOMCOക്ക് നൽകിയിട്ടുണ്ട്. എന്നാൽ LF-3393/27.03.2024 നമ്പർ ഇൻവോയ്സ് പ്രകാരം 83969/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായി സ്റ്റോക്കിൽ എടുത്തിട്ടുള്ളത്.LF-1266/14.10.2024 നമ്പർ ഇൻവോയ്സ് പ്രകാരം 106859/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിലും സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നമ്പർ 23/2023-24 Dtd 18.10.2024 ന് മറുപടിയായി 9172 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് HOMCO യെ അറിയിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 106859/- രൂപയുടെ മരുന്നുകളുടെ സ്റ്റോക്ക് വിവരവും 9172 രൂപയുടെ മരുന്ന് ലഭ്യമാക്കിയ വിവരവും അറിയിക്കേണ്ടതാണ്.

## 1-39 സ്കൂളുകൾക്ക് മഴവെള്ള സംഭരണി സ്ഥാപിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല. -

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾ പ്രകാരം മഴവെള്ള സംഭരണി സ്ഥാപിക്കുന്നതിനായി IRTC മുണ്ടൂരിന് താഴെ പറയും പ്രകാരം അഡ്വാൻസ് തുക അനുവദിച്ചിട്ടുണ്ട്.

| ക്രമനം | പ്രൊജക്ട് | അടങ്കൽ | ചെലവ് | അഡ്വാൻസ് തുക/തിയതി(20%) |
|---|---|---|---|---|
| 1 | 6/24 ജി എച്ച് എസ് എസ് കടുങ്ങപുരം | 1173000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 234500 (ധനകാര്യ കമ്മീഷൻ അവാർഡ്) | വൗച്ചർ നമ്പർ 22301254/2.3.24/222775 (IT4690, WWF-2345, GST-4690) |
| 2 | 5/24 ജി എൽപി എസ് പലകപ്പറമ്പ് | 550250 (ധനകാര്യ കമ്മീഷൻ അവാർഡ്) | 110040 (ധനകാര്യ കമ്മീഷൻ അവാർഡ്) | വൗച്ചർ നമ്പർ 22301228/5.3.24/104535(IT-2202, KBOCWW-1101, GST-2202) |
| | ആകെ | 344540 | | |

മഴവെള്ള സംഭരണി സ്ഥാപിക്കുന്നതിന് 31/1/2024 തിയതിയിൽ IRTC യുമായി കരാർ ചമക്കുകയും 20% തുക (KBOCWW BOARD-3560,GST-7120,IT-7120) IRTC ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം അഡ്വാൻസ് കൈപ്പറ്റി 3 മാസ സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്, എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നമ്പർ- 34/19.10.2024 ന് മറുപടിയായി ജി എൽപി എസ് പലകപ്പറമ്പിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ജി എച്ച് എസ് എസ് കടുങ്ങപുരത്ത് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ജി എൽപി എസ് പലകപ്പറമ്പിൽ മഴവെള്ള സംഭരണി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതും ജി എച്ച് എസ് എസ് കടുങ്ങപുരത്ത് പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം 18% പിഴ ഉൾപ്പെടെ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതുമാണ്. കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാവുന്നു. വ്യക്തമായ വിവരം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്ന

## 1-40 സ്കൂളുകൾക്ക് മിനി എം സി എഫ് സ്ഥാപിക്കൽ- മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി സ്കൂളുകൾക്ക് മിനി എം സി എഫ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം 6 സ്കൂളുകളിൽ മിനി എം സി എഫ് സ്ഥാപിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ IRTC -ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | സ്കൂളുകൾക്ക് മിനി എം സി എഫ് സ്ഥാപിക്കൽ(297/24) |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 300000/- സ്വച്ച് ഭരത് മിഷൻ ഫണ്ട് |
| ചെലവ് | 60000/- ചെക്ക് നമ്പർ C032468774645 ,തീയതി:25-03-2024 |

IRTC -യുമായിട്ടുള്ള കരാറിലെ (കരാർ നമ്പർ- ഇല്ല, തിയ്യതി. 31.01.2024) വ്യവസ്ഥ 5 പ്രകാരം മുൻകൂർ കൈപ്പറ്റി 60 ദിവസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 07.03.2024-ന് ആണ് മുൻകൂർ നൽകിയിട്ടുള്ളത്. ആയതിനാൽ കരാർ പ്രകാരം 06.05.2024-ന് അകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നമ്പർ- 35/19.10.2024 ന് മറുപടിയായി മിനി എം സി എഫ് സ്ഥാപിക്കുന്ന പ്രവൃത്തി 20 ദിവസത്തിനകം പൂർത്തീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം 18% പിഴ ഉൾപ്പെടെ മുൻകൂർ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ(285/24) |

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 2100000/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 355950/-കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ/ വൌച്ചർ നമ്പർ | 355950/- 22301188/30.03.2024 |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച സ്കൂളുകൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ എന്ന പദ്ധതി പ്രകാരം (285/24) 5 സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് (5x29000-1450000-), 5 സ്കൂളുകളിൽ റിങ്ങ് കമ്പോസ്റ്റ് (5x2950-14750) 50 Kg ബയോഗ്യാസ് പ്ലാന്റിന് 315000 രൂപയുമടക്കം 1779750 രൂപക്ക് 25/1/2024 തിയതിയിൽ IRTCയുമായി കരാർ ചമക്കുകയും 20% തുക 338150 രൂപ (KBOCWW BOARD-3560,GST-7120,IT-7120) IRTC ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പാതിരമണ്ണ സ്കൂളിൽ സ്ഥാപിച്ച എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥലം ഓഡിറ്റ് ടിം സന്ദർശിച്ചതിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ സംസ്കരണം സാധ്യമാകുന്ന വിധത്തിലുള്ള ഇനോകുലം നിക്ഷേപിച്ച് യൂനിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് ബോധ്യമായിട്ടുണ്ട്. ഒക്ടോബർ 2 ന് ഉദ്ഘാടനം നടത്തിയതായി സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്കൂളിന്റെ മുൻവശത്തായാണ് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്. സംസ്കരണത്തിനായി ഉപയോഗിക്കുന്ന രാസഘടകങ്ങളുടെ ഗുണമേൻമ ഇത്തരം സംവിധാനങ്ങളുടെ ജയപരാജയം നിശ്ചയിക്കുന്നവയാണ്. ഗുണ നിലവാരമില്ലാത്ത രാസഘടകങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം വന്നാൽ സ്കൂളിലും പരിസരത്തും പ്രയാസകരമായ ഗന്ധം പരക്കുന്നതിനും കുട്ടികളുടെ ആരോഗ്യം അപകടത്തിലാക്കുന്നതിനും സാധ്യതയുണ്ട്. യൂനിറ്റ് സ്ഥപിക്കുന്നതിനായി സെലക്ട് ചെയ്ത സ്ഥലം അനുയോജ്യമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. കരാർ പ്രകാരം അഡ്വാൻസ് കൈപ്പറ്റി 6 മാസ സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്, എന്നാൽ നാളിതു വരെ പ്രവൃത്തീ പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകുയറി- 36/19.10.24 ന് മറുപടിയായി 3 സ്കൂളുകളിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും ഇനോക്കുലം കൊടുത്ത് ഉടനെ പരിശീലനം നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം 18% പിഴ ഉൾപ്പെടെ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതുമാണ്. പൂർത്തീകരണ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-42 സ്ഥിരമായി സെക്രട്ടറിയില്ല. ജനങ്ങൾക്ക് സേവനം നൽകാനാവുന്നില്ല. -

ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ പത്ത് മാസമായി സ്ഥിരമായി സെക്രട്ടറിയില്ല എന്നും പൊതു സമൂഹത്തിന് സേവനങ്ങൾ നൽകുന്നതിൽ കാലതാമസം വരുന്നതായും പഞ്ചായത്ത് മിനുട്സ് , ജീവനക്കാരുടെ അറ്റൻഡൻസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ശ്രീകുമാർ . പി എന്ന സെക്രട്ടറി 31.12.2023 ന് സർവീസിൽ നിന്ന് വിരമിച്ച ശേഷം ഗ്രാമ പഞ്ചായത്തിന്റെ സേവന ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃപരമായ ഇടപെടലുകൾ നടത്താൻ ഒരു സ്ഥിരമായ സെക്രട്ടറിയെ നിയമിച്ചിട്ടില്ല എന്ന വസ്തുത എക്സിറ്റ് മീറ്റിങ്ങിൽ ഭരണസമിതിയും അഭിപ്രായം പ്രകടിപ്പിച്ചു. 31.12.2023 ന് ശേഷം അസിസ്റ്റന്റ് സെക്രട്ടറിക്ക് ചാർജ് നൽകിയും , മറ്റ് ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറിമാർക്ക് അധിക ചുമതല നൽകിയും ഗ്രാമ പഞ്ചായത്ത് ഭരണ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന സമീപനമാണ് ഭരണ വകുപ്പ് സ്വീകരിച്ച് വരുന്നത് എന്ന പൊതു നിലപാടിലാണ് ഗ്രാമ പഞ്ചായത്തിലെ ജന പ്രതിനിധികൾ. മാത്രമല്ല, അധിക ചുമതല നൽകിയിരുന്ന അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് എന്നിവർ ദീർഘകാലം അർഹമായ അവധിയിലായിരുന്നു എന്നും രേഖകളിൽ നിന്ന് വ്യക്തമാവുന്നു.

അനവധി സേവനങ്ങൾക്കായി സാധാരക്കാരായ ജനങ്ങൾ ദിനേന വരുന്ന സ്ഥാപനമാണ് ഗ്രാമ പഞ്ചായത്ത്. മാത്രമല്ല , സർക്കാറിന്റെ ക്ഷേമ പദ്ധതികൾക്കും , ഭവന നിർമാണം മുതൽ റേഷൻ കാർഡ് വരെയുള്ള അടിസ്ഥാന സേവനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകളാണ് അടിസ്ഥാന മാനദണ്ഡം. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി ഇല്ലാതാവുന്നത് പൊതുസമൂഹത്തിന് അർഹതപ്പെട്ട സേവനങ്ങൾ/ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാതെ വരികയും ചെയ്യുന്നു എന്നത് വസ്തുതയാണ്.

അപാകത ഭരണ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മിനി എം സി എഫ് സ്ഥാപിക്കൽ- അധിക നിരക്ക് നൽകി.

സെക്രട്ടറി നിർവ്വഹണം നടത്തിയ മിനി എം സി എഫ് സ്ഥാപിക്കൽ (276/24) എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ 17 മിനി എം സി എഫ് -കൾ സ്ഥാപിച്ചിട്ടുണ്ട്. IRTC മുണ്ടൂർ, പാലക്കാട് എന്ന അക്രഡിറ്റഡ് ഏജൻസി മുഖേനയാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഒരു മിനി എം സി എഫ് -ന് 50000/- രൂപ നിരക്കിൽ 17 എണ്ണത്തിന് 850000/- രൂപയാണ് ഏജൻസിക്ക് നൽകിയിട്ടുള്ളത്.

| | |
|---|---|
| ഫണ്ട് | ശുചിത്വ മിഷൻ |
| അടങ്കൽ/ ചെലവ് | 850000/850000 |
| വൗച്ചർ നമ്പർ | 08/05.10.2023, 22301277/31.03.2024 |

പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

1. ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവ നൽകി- 80240/- രൂപയുടെ അധിക ചെലവ്.

സ്ഥാപനം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം (DSR 2018_ EST No.2024/6603_ Cost Index 36.44%) അനുബന്ധം 3 (Appendix 3) പ്രകാരം മിനി എം സി എഫ് -ന്റെ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി ഇനത്തിൽ ഒന്നിന് 4000/- നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. DSR പ്രകാരമുള്ള എസ്റ്റിമേറ്റിൽ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവ കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കുന്നത്. എസ്റ്റിമേറ്റ് ഇനങ്ങളുടെ ഡാറ്റ വിശകലനം നടത്തിയാൽ ഈ വസ്തുത ബോധ്യമാവും. ആയതിനാൽ ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് എന്നിവക്ക് വേണ്ടി പ്രത്യേക ഇനമായി തുക വകയിരുത്തിയത് ക്രമ പ്രകാരമല്ല. ക്രമ വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം 80240/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക (ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി) | നൽകാവുന്ന തുക (ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലിയും ആയതിന് എസ്റ്റിമേറ്റ് പ്രകാരം നൽകിയ 18% GST-യും കുറവ് ചെയ്ത്) | അധികം നൽകിയ തുക |
|---|---|---|
| 850000/- [Ie, 50000*17] | 769760/- Ie, [(50000*17) – (4000*17) + (18% GST)] | 80240/- |

2. സ്റ്റീൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി- 46704/- രൂപയുടെ അധിക ചെലവ്.

എസ്റ്റിമേറ്റിലെ ഇനം 1 പ്രകാരം സ്റ്റീൽ പ്രവൃത്തികൾക്ക് DSR 2018, Sepc Code 10.16.2 പ്രകാരമുള്ള നിരക്ക് ആണ് നൽകിയിട്ടുള്ളത്. ആയത് Hot Finished Seamless Type Tubes -കൾ കൊണ്ടുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് ആണ്. മേൽ പ്രവൃത്തിക്ക് DSR 2018, Sepc Code 10.25.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. മൂല്യ നിർണ്ണയ പ്രകാരം ഒരു മിനി MCF നിർമ്മിക്കുന്നതിന് 121.136 Kg സ്റ്റീൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം 46704/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക (@ Sepc Code 10.16.2, 174.35/Kg) | നൽകാവുന്ന തുക (@ Sepc Code 10.25.2,155.13/Kg) | അധികം നൽകിയ തുക |
|---|---|---|
| 423668/- [Ie, (121.136 Kg* 174.35/Kg) *17 + (18% GST)] | 376964/- [Ie, (121.136 Kg* 155.13/Kg) *17 + (18% GST)] | 46704/- |

ഓഡിറ്റ് പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്/ ക്രമ നമ്പർ 1,2 പ്രകാരം അധികം നൽകിയ 126944/- തുക തിരികെ ഈടാക്കേണ്ടതുമാണ്. സാമ്പത്തിക ബാധ്യത നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ ചുമത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 2023-24 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 207888 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 135/24 | 207888 | 0 |
| | 521498 | ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് 07/24 | 521498 | 0 |
| | 800000 | ലൈഫ് ഭവന പദ്ധതി 137/24 | 800000 | 0 |
| | 1160000 | ലൈഫ് ഭവന പദ്ധതി ജനറൽ 150/24 | 1160000 | 0 |
| | 100000 | ലൈഫ് ഭവന പദ്ധതിയിൽ ഉൾപെട്ടവർക്ക് ധനസഹായം 163/24 | 100000 | 0 |
| | 595000 | സമഗ്ര നെൽകൃഷി വികസനം | 1080000 | 0 |
| ജില്ലാ പഞ്ചായത്ത് | 595000 | സമഗ്ര നെൽകൃഷി വികസനം 31/24 | 595000 | 0 |
| | 180000 | ഭിന്ന ശേഷി സ്കോളർഷിപ്പ് 07/24 | 180000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 938526/15.12.2023 | പള്ളിക്കുളമ്പ് അംഗനവാടിക്ക് കുഴൽകിണർ | 48971 | തുക വിനിയോഗിച്ചിട്ടില്ല. |
| | | ആകെ | 48971 | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് | ലഭ്യമല്ല | 6843557 | 0 | 0 | 0 | 6843557 |
| 2 | KURDFC | ലഭ്യമല്ല | 14520000 | 1034110 | 0 | 0 | 13307036 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2006-07 | 2008-09 | 3-6 സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു. |
| 2010-11 | 2013-14 | 3-18 ലഘു അവലോകനം | നടപടി തുടരുന്നു. |
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | നടപടി തുടരുന്നു. |
| 2014-15 | 2016-17 | 3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| 2014-15 | 2016-17 | 4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ | നടപടി തുടരുന്നു. |
| 2015-16 | 2016-17 | 4.ഖണ്ഡിക-2(4) | നടപടി തുടരുന്നു. |
| 2019-20 | 2020-21 | ഖണ്ഡിക-1-31 | നടപടി തുടരുന്നു. |
| 2019-20 | 2020-21 | ഖണ്ഡിക-1-25 | നടപടി തുടരുന്നു. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 162326043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 159203224 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 126944 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1011247 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 126944 | അനീസ് ബാബു. എ. പി, സെക്രട്ടറി ഇൻ ചാർജ് |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 48971 | ശ്രീ. ശ്രീകുമാർ പി,സെക്രട്ടറി |
| 1-31 | 62922 | ശ്രീ. ശ്രീകുമാർ പി,സെക്രട്ടറി |
| 1-36 | 138864 | ഡോ.ദിലീപ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പുഴക്കാട്ടിരി |
| 1-39 | 344540 | ശ്രീമതി. സൈനബ, ഹെഡ്മിസ്ട്രസ്സ് |
| 1-40 | 60000 | ശ്രീമതി. സൈനബ, ഹെഡ്മിസ്ട്രസ്സ് |
| 1-41 | 355950 | ശ്രീമതി. സൈനബ, ഹെഡ്മിസ്ട്രസ്സ് |
| ആകെ | 1011247 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് | നിലവിലെ ഔദ്യോഗിക പദവി | സ്ഥിര മേൽവിലാസം |
|---|---|---|
| അനീസ് ബാബു. എ. പി,<br>സെക്രട്ടറി ഇൻ ചാർജ് | അസിസ്റ്റന്റ് സെക്രട്ടറി ,<br>പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് | വെട്ടത്തൂർ പേസ്റ്റ്.<br>പട്ടിക്കാട്<br>മലപ്പുറം 679351<br>Ph: 9496364352<br>E-Mail Id: Animonap@Gmail.Com |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.22/659/19(2) തീയതി 16-11-2022 | 26 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | കെ.എസ്.എ.എം.പി.എം.22/2699/19(1) തീയതി 16-11-2022 | 7 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.എം.പി.എം.22/2699/19(2) തീയതി 16-11-2022 | 13 |
| 2001-02 | കെ.എസ്.എ.എം.പി.എം.22/150/2022(1) തീയതി 16-11-2022 | 4 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | കെ.എസ്.എ.എം.പി.എം.22/150/2022(2) തീയതി 16-11-2022 | 20 |
| 2003-04 | കെ.എസ്.എ.എം.പി.എം.22/1319/2022(1) തീയതി 16-11-2022 | 20 |
| 2004-05 | കെ.എസ്.എ.എം.പി.എം.22/1319/2022(2) തീയതി 16-11-2022 | 18 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | കെ.എസ്.എ.എം.പി.എം.22/150/2022(3) തീയതി 16-11-2022 | 06 |
| 2008-09 | കെ.എസ്.എ.എം.പി.എം.22/150/2022(4) തീയതി 16-11-2022 | 9 |
| 2009-10 | കെ.എസ്.എ.എം.പി.എം.22/150/2022(5) തീയതി 16-11-2022 | 05 |
| 2010-11 | കെ.എസ്.എ.എം.പി.എം.22/1319/2022(3) തീയതി 16-11-2022 | 12 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.10.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/22/1798/2018 തി.20.10.2018 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/1051/2019 01.06.2019 | 16 |
| 2018-19 | കെ.എസ്.എ.എം.പി.എം.22/1283/2020 തിയ്യതി 02.11.2020 | 16 |
| 2019-20 | കെ.എസ്.എ.എം.പി.എം.22/2078/2021 തിയ്യതി 05.02.2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/2502/2022 തീയതി 13-04-2023 | 14 |
| 2021-22 | കെ.എസ്.എ.എം.പി.എം.22/3098/2022 തീയതി 02-02-2023 | 22 |
| 2022-23 | കെ.എസ്.എ.എം.പി.എം.22/2228/2023 തീയതി 01-11-2023 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 09-07-2024 and submitted on 19-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Puzhakkattiri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Puzhakkattiri Grama Panchayat as on 31-03-2024

**Date: 20/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Puzhakkattiri Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. All the Statements as per accounting rules are not included in the annual accounts
2. Audit does not certify the accuracy of the cash flow statement. Since the net amount in net increase in cash & cash equivalence and in the net cash generated by operating investing financial activity is not equal.
3. Unable to verify the value of the assets
4. Demand entries were not recorded on time
5. In specific purpose funds there is no proper provision for liability
6. The accuracy of the of specific purpose grants booked as liability in Balance Sheet could not be verified
7. Expenditure on Specific purpose [Block (Rs.593054/-) and District Panchayat (623910/-) share] has not been

adjusted from liability head.

8. Advance is not adjusted.

9. Since the loan register was not updated.

10. 4446151/- has been booked as liability under Beneficiary Item. Details were not made available.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്